

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in.

എടത്തിരുത്തി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട് 2013-14

കേരള സംസ്ഥാന ഓഡിറ്റ്.
തൃശൂർ ജില്ലാ കാര്യാലയം
e-mail id : dotsr.ksad@kerala.gov.in

നം.കെ.എസ്.എ.ടി.എസ്.ആർ(പി3)218/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
PIN : 680 020 Ph. No.0487 2331249
തിയ്യതി : 15.02.2016
e-mail id : dotsr.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന),
എടത്തിരുത്തി ഗ്രാമ പഞ്ചായത്ത്.

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

സർ,

വിഷയം :- എടത്തിരുത്തി ഗ്രാമപഞ്ചായത്ത് - 2013-14 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടത്തിരുത്തി.ഗ്രാമപഞ്ചായത്തിന്റെ 2013-14
സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 11,12,15 ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ

ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്.(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടിഡയറക്ടർ

പകർപ്പ് :-

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ, (ഉപരിപത്രം സഹിതം)

3)കാര്യാലയ പകർപ്പ്

തൃശൂർ ജില്ലയിലെ എടത്തിരുത്തി ഗ്രാമ പഞ്ചായത്തിന്റെ 2013-14 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4) , 1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 2013-14 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 20-04-2014. മുതൽ 19-01-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്
2013-14 വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ

അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	:	ശ്രീ.സി.വൈ.സലീം ഡെപ്യൂട്ടി ഡയറക്ടർ
ഓഡിറ്റിന് വിനിയോഗിച്ച സമയം	:	20-01-16 മുതൽ 29-01-16 വരെ
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ		ശ്രീ.പി.എ.ശിവൻ, ശ്രീ.എം.കുമാർശ്രീ, ഓഡിറ്റ് ഓഫീസർമാർ ശ്രീമതി. സീനത്ത്.പി.എ. അസിസ്റ്റ് ഓഡിറ്റ് ഓഫീസർ ശ്രീ.സജീഷ്.എം.ആർ,ഓഡിറ്റർ ശ്രീ. നീധീഷ്, കെ.എസ്. ഓഡിറ്റർ

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ്	ശ്രീ.എ.വി.സതീഷ്.	01.04.13മുതൽ 31.03.14 വരെ
സെക്രട്ടറി	ശ്രീ.പി.എ.ഷാഹുൽഹമീദ്.	01.04.13മുതൽ 31.03.14 വരെ
നിർവ്വഹണ ഉദ്യോഗസ്ഥർ		
ഉദ്യോഗപ്പേര്	**പേര്**	**കാലയളവ്**
കൃഷിഓഫീസർ.	ശ്രീ.എംഎച്ച്.ഇസ്മായിൽ.	01.04.13മുതൽ 31.03.14 വരെ
വെറ്റിറിനറി സർജൻ.	ഡോ.അൻഷാദ്.	1-4-13. മുതൽ 31-3-14. വരെ
ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ.	ശ്രീമതി.ടെസ്സി	1-4-13. മുതൽ 31-3-14 വരെ

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	ആഡ്ലിഉസ്മാൻ	1-4-13 മുതൽ 31-3-14. വരെ
പ്രധാന അദ്ധ്യാപിക, ജിഎൽപിസ്കൂൾ.	ശ്രീമതി.സുഷമ.	1-4-13മുതൽ 31-3-14വരെ
ഐസിഡിഎസ് സൂപ്പർവൈസർ	ശ്രീമതി.ഓമന.എസ്	1-4-13മുതൽ 31-3-14വരെ
ഡയറിഎക്സ്റ്റൻഷൻഓഫീസർ	ശ്രീമതി.ഓമന.കെ.കെ	1-4-13മുതൽ 31-3-14വരെ
അസിസ്റ്റന്റ്എഞ്ചിനീയർ	ശ്രീമതി.സഖി എൽ.	1-4-13 മുതൽ 31-3-14. വരെ

മെഡിക്കൽഓഫീസർ പിഎച്ച്സി.	ശ്രീ.അർജുൻ അജയഘോഷ്.	1-4-13 മുതൽ 31-3-14വരെ

ഉള്ളടക്കം

ക്രമ നം.	ഖണ്ഡിക നം.	**ഭാഗം 1**
1	1-1	ബജറ്റ്
2	1-2	വാർഷിക ധനകാര്യപത്രിക.

3	1-3	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം
4	1-4	സാമ്പത്തിക വിശകലനം
5	1-5	ഫണ്ട് വിനിയോഗം
6	1-6	പദ്ധതി അവലോകനം
7	1-7	തനത് വരുമാനം
8	1-8	ക്ഷേമപദ്ധതികൾ
9	1-9	ക്യാഷ് വെരിഫിക്കേഷൻ
10	1-10	ആഭ്യന്തരനിയന്ത്രണം
11	1-11	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം
		ഭാഗം 2
12	2-1	ഉദ്യോഗസ്ഥരുടെ ശമ്പളം രേഖപ്പെടുത്താതെ തൊഴിൽ നികുതി റിട്ടേൺ
		ഭാഗം 3

13	3-1	മേലളവ് പരിശോധനക്ക് വളരെ മുൻപേ തുക അനുവദിച്ചു
14	3-2	അളവുപുസ്തകത്തിൽ മേലളവുകൾ,പരിശോധന നടത്താതെ കരാറുകാരന് തുക നൽകി
15	3-3	കോസ്റ്റ്ഫാഡിന് സർവീസ് ചാർജ് അധികം നൽകി
16	3-4	ഗുണഭോക്തൃസമിതികൾ നിർവഹിച്ച പ്രവൃത്തികളിലെ അപാകതകൾ
17	3-5	അളവുപുസ്തകങ്ങൾ ഹാജരാക്കിയിട്ടില്ല
18	3-6	ബിൽ, അളവുപുസ്തകം എന്നിവ ഹാജരാക്കിയിട്ടില്ല
19	3-7	കനാൽ ബാലബോധിനി കോളനി ഫുട്പാത്ത് നിർമാണം- അപാകതകൾ
20	3-8	സ്ഥലപരിശോധനയിൽ കണ്ട അപാകതകൾ
21	3-9	ആസ്തി രജിസ്റ്റർ കാലികമല്ല
22	3-10	ടെണ്ടർ കുറവ് വരുത്തിയില്ല-നഷ്ടം 1785രൂപ

23	3-11	കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ആൾക്ക് കരാർ നല്കാത്തതിനാൽ അധിക ചെലവ്
24	3-12	പൂർത്തീകരണ സാക്ഷ്യപത്രം.കൈപ്പറ്റ് രശീത് എന്നിവ ഹാജരാക്കിയിട്ടില്ല.-തുക തടസ്സപ്പെടുത്തുന്നു
25	3-13	നിലവിലില്ലാത്ത ബൾബുകൾക്ക് കറന്റ് ചാർജ്ജ് നൽകി വരുന്നു . [
26	3-14	ലോഗ് ബുക്ക് ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല. .
27	3-15	പെൻഷൻ അപാകതകൾ .
28	3-16	കറന്റ് ചാർജ്ജ് കുടിശ്ശികയിനത്തിൽ അധിക തുക അടവാക്കിയത് . [
29	3-17	ആയുർവേദ മരുന്ന് വാങ്ങൽ-കരാർ,ഇന്റന്റ് എന്നിവയില്ല .
30	3-18	കന്നുകുട്ടി പരിപാലനം-രേഖകൾ ലഭ്യമാക്കേണ്ടതാണ് കന്നുകുട്ടി പരിപാലനം-രേഖകൾ ലഭ്യമാക്കേണ്ടതാണ്

31	3-19	ജൈവവളവിതരണവുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു: തെങ്ങ് കൃഷി വികസനം-കരാറുകാരൻ ഗുണനിവാരമില്ലാത്ത വളമിറക്കി-കരാർ ലംഘനത്തിന് നഷ്ടപരിഹാരമിനത്തിൽ ഇ.എം.ഡി മുതൽ കൂട്ടാക്കി
32	3-20	കാലിതീറ്റ ധനസഹായ പദ്ധതി -തീറ്റ വാങ്ങിയതിന്റെ രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ് . [vi
33	3-21	ഭവന നിർണ്മാണം(എസ്സ്.സി)-ഗഡു നൽകിയതിന് രസീതില്ല .
34	3-22	ചെന്ത്രാപ്പിന്നി വി.ഇ.ഒ രേഖകൾ ഹാജരാക്കിയില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു .
35	3-23	അംഗന വാടി ഭക്ഷ്യവസ്തുക്കൾ വാങ്ങൽ-മാവേലി സ്റ്റോർ വിലയിൽ അധികരിക്കാൻ പാടില്ല

36	3-24	കറവ പശു വിതരണം-കരാർ കാലാവധിയിൽ തന്നെ ഉരുവിനെ വില്പന നടത്തി .
37	3-25	തൊഴിലുറപ്പ് പദ്ധതി .
38	3-26	ഡി.ആന്റ് ഒ.ലൈസൻസ് നല്കുന്നതിലെ കാര്യക്ഷമത-അവലോകനം
ഭാഗം-4		
39	4-1	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം .
40	4-2	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ
41	4-3	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ..
42	4-4	വായ്പ/ വായ്പ തിരിച്ചടവ്
43	4-5	സ്ഥിരനിക്ഷേപങ്ങൾ
44	4-6	ഓഡിറ്റ് റിക്കവറി
45	4-8	ഓഡിറ്റ് പ്രത്യവലോകനം
46	4-9	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഭാഗം -1
പൊതു അവലോകനം
പൊതു അവലോകനം

1-1 ബജറ്റ്

2013-14 വർഷത്തെ ബജറ്റ് 27-3-2013 തിയതിയിലെ 13ം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല

1-2 വാർഷിക ധനകാര്യപത്രിക.

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി
31.07.2014	09.07.2014

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വർഷം	**സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി**	**സർട്ടിഫിക്കറ്റ് നമ്പർ/ തീയതി**

2013-14	12-09-2014	എൽഎഫ് ടി.(ഇ3)1404/14/ 12-09-2014 വിശേഷണങ്ങളില്ലാത്ത സാക്ഷ്യപത്രം.

1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് – 11171696.30

വരവ് – 68176560.00

ആകെ – 79348256.30

ചെലവ് – 71614002.00

നീക്കിയിരിപ്പ്- 7734254.30

1-5 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻ ബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്	ചെലവ് ശതമാനം
വികസനഫണ്ട് പൊതുവിഭാഗം	1793985	8597000	10390985	10105556	285429	97.25
വികസനഫണ്ട് എസ്.സി.പി.	1463567	7311000	8774567	7978613	795954	90.93
വികസനഫണ്ട് ടി.എസ്.പി.	0	6000	6000	6000	0	100.00
സംരക്ഷണഗ്രാന്റ് റോഡ്	703221	7826000	8529221	8529197	24	99.99
സംരക്ഷണഗ്രാന്റ് നോൺറോഡ്	636695	2273000	2909695	2909695	0	100.00
13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്	1299673	4449442	5749115	5386869	362246	93.70
പെർഫോമൻസ് ഗ്രാന്റ്	936759	2410000	3346759	3161843	184916	94.47
എം.എൻ.ആർ.ഇ.ജി.എസ്.	191112	4048919	4240031	42340031	1200	99.97
ബി ഫണ്ട്		20065582	20065582	20065582	0	100.00

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
150	51668706	143	46275912	2	5	95.33

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1)65/14-ഊർജ്ജാസൂത്രണം

2)66/14- സ്ഥലപരാസൂത്രണം

3)105/14-വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് പ്രിമോ പൈപ്പ് വാങ്ങൽ(ജനറൽ)

4)106/14-വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് പ്രിമോ പൈപ്പ് വാങ്ങൽ(ജനറൽ)

5)133/14- കാളികുട്ടി സാംസ്കാരിക നിലയത്തിൽ ഗ്രീന്റൂം,സ്റ്റേജ്,അടുക്കള എന്നിവ നിർമ്മാണം

1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം. 16.28% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

ഇനം	മുൻവർഷം	തൻവർഷം	വ്യത്യാസം	ശതമാനം (+)/(-)

നികുതി വരവുകൾ	3371626	3862954	491329	
നികുതിയേതര വരവുകൾ	92622	200248	107626	
മറ്റുവരവുകൾ	327904	346401	18497	
ആകെ	3792151	4409603	617452	16.28

1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽ രഹിത വേതനം	64320	91
കർഷക തൊഴിലാളി പെൻഷൻ	1655250	355
വിധവാ പെൻഷൻ	7983101	1097
വാർദ്ധക്യ കാലപെൻഷൻ	494165	173

വികലാംഗ പെൻഷൻ	1971655	245
50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ	593842	84
വിവാഹധന സഹായം (ജനറൽ)	190000	10

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25-01-2016ന് സ്ഥാപനതലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 1645/-രൂപ നീക്കിയിരിപ്പ് ക്യാഷ് ബുക്ക് ഡേ ബുക്ക് എന്നിവയുമായി പൊരുത്തപ്പെട്ടിരുന്നു.

1-10 ആഭ്യന്തരനിയന്ത്രണം.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വർക്കിങ്ങ് ഗ്രൂപ്പ് മിനിട്സിൽ തീരുമാനങ്ങൾ രേഖപ്പെടുത്തുന്നില്ല. ഗ്രാമസഭാ മിനിട്സിൽ കൺവീനറും,കോർഡിനേറ്ററും ഒപ്പ് രേഖപ്പെടുത്തുന്നില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി

പെർഫോമൻസ് ഓഡിറ്റ്	17-12-2015	2015നവംബർ	ലഭിച്ചിട്ടില്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	21-01-2011മുതൽ 05-02-2011	2005-06 മുതൽ 2009-10	04-03-2011

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 ഉദ്യോഗസ്ഥരുടെ ശമ്പളം രേഖപ്പെടുത്താതെ തൊഴിൽ നികുതി റിട്ടേൺ സമർപ്പിച്ചു.

താഴെ പറയുന്ന സ്ഥാപനങ്ങൾ, ഉദ്യോഗസ്ഥരുടെ ശമ്പളം രേഖപ്പെടുത്താതെയാണ് തൊഴിൽ നികുതി റിട്ടേൺ സമർപ്പിച്ചിരിക്കുന്നത്.

a)എച്ച്.ഡി.എഫ്.സി ബാങ്ക് ചെന്ത്രാപ്പിന്നി (രണ്ടാം അർദ്ധവർഷം, രസീത് നം.11301400032/ 18-03-14)

b)മുത്തൂറ്റ് ഫിനാൻഷ്യൽ കോർപ്പറേഷൻ ചെന്ത്രാപ്പിന്നി (രണ്ടാം അർദ്ധവർഷം, രസീത് നം. 11301103713/ 26-02-14)

ശമ്പളം രേഖപ്പെടുത്താത്തതുകൊണ്ട് ടാക്സ് ചുമത്തിയതിലെ കൃത്യത പരിശോധിക്കാനായില്ല. തൊഴിൽ നികുതി റിട്ടേണുകൾ നിശ്ചിത മാതൃകയിൽ തന്നെ പൂരിപ്പിച്ച് വാങ്ങാൻ ശ്രദ്ധിക്കേണ്ടതാണ്.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

.. ..

.

3-1 മേലളവ് പരിശോധനക്ക് വളരെ മുൻപേ തുക അനുവദിച്ചു.

പ്രൊജക്റ്റ് നം- SO104/14,നവീനകോളനി വികസനപദ്ധതി
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി. എഞ്ചിനീയർ
അടങ്കൽ- 1000000 ജില്ലാ പഞ്ചായത്ത് വിഹിതം

140000-സംരക്ഷണഗ്രാന്റ്

കരാറുകാരൻ ഇ എൻ ഉണ്ണികൃഷ്ണൻ,എടച്ചാലിൽ,എടമുട്ടം

കരാർ നം-46/12/AE/EDY/LSGD/3/1/12

ചെലവ് വിവരം

860000/- ഡിഡി നം 912921/28/6/13

140000/- 94251 ഡിഡി നം-020192//3/4/14

അളവുപുസ്തകം 51/11-12

അളവുപുസ്തകം പ്രകാരം ഒന്നാമത്തെതും അന്തിമവുമായ ബിൽആണ് തയ്യാറാക്കിയിട്ടുള്ളത്. ഇതിൽ 18മുതൽ 21വരെയുള്ള പേജുകളിലെ മേലളവുകൾ രേഖപ്പെടുത്തിയിരിക്കുന്നത് 19/6/13നാണ്. 22മുതൽ 27 വരെയുള്ള പേജുകളിലെ രേഖപ്പെടുത്തിയിരിക്കുന്നത് 23/7/13നും. 31/3/13ന് ബിൽ നം.70പ്രകാരം പിൻവലിച്ച 140000/-രൂപ ട്രഷറി ബിൽ ബുക്കിൽ ആദ്യത്തേതും അന്തിമവുമായ ബില്ലെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ ബിൽ പ്രകാരം പിൻവലിച്ച തുകയിൽ നിന്ന് വിഹിതങ്ങൾ, റിടെൻഷൻ എന്നിവ അടച്ചതിന്റേയും കരാറുകാരന് തുക നൽകിയതിന്റേയും രേഖകൾ ലഭ്യമാക്കിയിട്ടില്ല.ഇത് വളരെ ക്രമവിരുദ്ധമായ നടപടിയാണ്. മേലളവ് രേഖപ്പെടുത്തിയിരിക്കുന്നതിന് വളരെ മുമ്പേ തുക നൽകിയതെന്ന് കാണാവുന്നതാണ്. അളവുപുസ്തകത്തിലെ മറ്റൊരു വൈരുദ്ധ്യം 28മുതൽ 36 വരെയുള്ളപേജുകളിലെ മേലളവുകൾ പരിശോധിച്ചിരിക്കുന്നത് 22/2/13നും.ബില്ലുകൾ പരിശോധനക്ക് വിധേയമാക്കിയിട്ടുള്ളത് 3/3/13നും.അസി.എൻജിനീയർ അളവെടുത്ത തീയ്യതിയിലും വളരെയധികം വൈരുദ്ധ്യം ഉണ്ട്. 11 നം പേജ് 19/6/13നാണ് അളവെടുത്തത് . പക്ഷെ 13ാം പേജ് 7/7/12നും.31,32,36നം പേജുകൾ യഥാക്രമം 3/9/13,20/10/13,22/2/13ലുമാണ്. ഈ പ്രവൃത്തിയുടെ അളവ് മേലളവുകൾ എന്നിവ എടുത്തിട്ടുള്ളത് തികച്ചും ആധികാരികതക്ക് നിരക്കാതെയാണ്. 2012 പൊതുമരാമത്ത് വകുപ്പ് മാനവൽ പ്രകാരം അസി .എൻജിനീയർ എടുത്തിട്ടുള്ള അളവുകൾ മേലളവുകൾ പരിശോധനക്ക് വിധേയമാക്കാതെ തുക നൽകുവാൻ പാടുള്ളതല്ല. ആധികാരികമല്ലാതെ കരാറുകാരന് തുക നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

25/1/16ലെ 4-ാം അന്വേഷണക്കുറുപ്പിനെ തുടർന്ന് 28/1/16 4.45ന് ഗ്രാമ പഞ്ചായത്തിലെ ഓവർസിയർ ശ്രീമതി ഒ.ടി സോനയുടെസാന്നിദ്ധ്യത്തിൽ നടന്ന സ്ഥലപരിശോധനയിൽ നവീന കോളനിയിൽ നിർമ്മിച്ചിട്ടുള്ള നടപ്പാത ആവശ്യത്തിന് സിമന്റ് ഉപയോഗിക്കാത്തതിനാൽ നിലവാരം വളരെ കുറഞ്ഞുകണ്ടു. പാർശ്വസംരക്ഷണപ്രവൃത്തിയിൽ പലയിടത്തും പൊട്ടലുകൾ കണ്ടെത്തി. അപാകതകൾ കരാറുകാരനെ കൊണ്ട് തൃപ്തികരമായി പരിഹരിക്കുന്നതുവരെ സാമ്പത്തിക വർഷം ചെലവുചെയ്ത 860000രൂപ തടസ്സപ്പെടുത്തുന്നു.

3-2 അളവുപുസ്തകത്തിൽ മേലളവുകൾ,പരിശോധന നടത്താതെ കരാറുകാരന് തുക നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചീനീയർ
പ്രൊജക്റ്റ് നം-SOO132/14,

<u>ചാമക്കാല അറപ്പത്തോട് പാർശ്വസംരക്ഷണം</u>

അടങ്കൽ- 390000/ സംരക്ഷണഗ്രാന്റ്

കരാറുകാരൻ -ഇ എൻ ഉണ്ണികൃഷ്ണൻ

കരാർ നം.- 29/AE/LSGD/MKM/31/8/13

അളവുപുസ്തകം -15/13-14

ബിൽ നം.- 18/23/11/13,388568/

മേൽപ്പറഞ്ഞ അളവുപുസ്തകത്തിൽ മേലളവുകൾ, സൂക്ഷ്മപരിശോധന എന്നിവ നടത്താതെയാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്. 2012ലെ കേരള പൊതുമരാമത്ത് മാന്വൽ പ്രകാരം അസി. എൻജിനീയർ പരിശോധിച്ചിരിക്കുന്ന അളവുകൾ/മേലളവുകൾ സൂക്ഷ്മപരിശോധന നടത്താതെ തുക നല്കാൻ പാടുള്ളതല്ല ഇപ്രകാരം ആധികാരികമല്ലാതെ കരാറുകാരന് തുക നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഈയിനത്തിൽ ചെലവഴിച്ച 388568/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-3 കോസ്റ്റ്ഫാഡിന് സർവീസ് ചാർജ് അധികം നൽകി

പ്രൊജക്റ്റ് നം -SO59/12,കാളിക്കുട്ടി സ്മാരക എസ്, സി സാംസ്കാരികനിലയം
നിർവ്വഹണോദ്യോഗസ്ഥൻ – സെക്രട്ടറി

അടങ്കൽ-വികസനഫണ്ട്-1150000

ബ്ലോക്ക് വിഹിതം- 1000000

ആകെ- 2150000/

കരാർ-10/11-12/23/11/2011

അക്രഡിറ്റഡ് ഏജൻസികൾക്ക് സർവീസ് ചാർജ് നല്കുമ്പോൾ സ.ഉ(MS)133/LSGD/18/3/2007 നം ഉത്തരവ് അനുസരിച്ച് 2.5% നിരക്കിലാണ്. സർവീസ് ചാർജ് നൽകേണ്ടത്.എന്നാൽ ഇതിന് വിരുദ്ധമായി Go(P)408/07/FIN/7/9/07നം. ഉത്തരവ് പ്രകാരം 8%നിരക്കിലാണ് സർവീസ് ചാർജ്ജും അതിന്റെ 12.36% നിരക്കിലാണ് സർവീസ് ടാക്സും കരാറുകാർക്ക് നല്കിയിട്ടുള്ളത്. കോസ്റ്റ് ഫോർഡുമായി ചമച്ചിട്ടുള്ള നമ്പർ 10/11-12/23.11.2011 കരാറിലും G.O.(P) 408/07/Fin/07/9/07 നമ്പർ ഉത്തരവ് പ്രകാരമുള്ള വ്യവസ്ഥയാണ് ഉൾപ്പെടുത്തി യിരിക്കുന്നത്. വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

പ്രവൃത്തിമൂല്യം- 1875643

സർവ്വീസ് ചാർജ്ജ് 8% -150051

സർവ്വീസ് ടാക്സ് 12.36% 18546

ആകെ -2044240

വാറ്റ് -562693

സെസ്സ്- 563

ഐ.ടി.-37513

സെസ്സ് -375

ക്ഷേമനിധി വിഹിതം- 18756

ആകെ വിഹിതങ്ങൾ -113476

ആകെ ചെലവ് -2157716/

ചെലവ് പരിമിതപ്പെടുത്തിയത്- 2150000

കരാറുകാർക്ക് നല്കിയിട്ടുള്ളത്

ആകെ ചെലവ് -2150000

കുറക്കുക

വിഹിതങ്ങൾ- 113476

മുൻകൂർ- 1720000

നല്കിയിട്ടുള്ള തുക- 316524/-(ഡി.ഡി നം 126788/10/6/13)

നല്കേണ്ട തുക താഴെകൊടുക്കുന്നു

പ്രവൃത്തിമൂല്യം -1875643/-

കൂട്ടുക-സ ചാർജ് 2.5% -46891/-

സ. ടാക്സ്12.36% -5796/-

വിഹിതങ്ങൾ -113476/-

ആകെ നല്കിയത്-2041806/-

മുൻകൂർ- 1720000/-

വിഹിതങ്ങൾ -113476/-

ബാക്കി നല്കേണ്ടത്- 208330/

നൽകിയത്-316524

അധികം നല്കിയിട്ടുള്ളത് -108194

അധികം നല്കിയിട്ടുള്ള തുക കോസ്റ്റ് ഫോർഡിൽ നിന്ന് ഈടാക്കുന്നത് വരെ 108194/രൂപ തടസ്സപ്പെടുത്തുന്നു.

3-4 ഗുണഭോക്തൃസമിതികൾ നിർവഹിച്ച പ്രവൃത്തികളിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി. എഞ്ചിനീയർ
36/98/ത.ഭ.വ/13/298,GO(P)218/98/ത.ഭ.വ,GO(MS)42/99/Pl/22/2/99 എന്നീ സർക്കാർ ഉത്തരവുകളിൽ ഗുണഭോക്തൃസമിതികൾ നിർവഹിക്കേണ്ട പ്രവൃത്തികളിൽ സ്വീകരിക്കേണ്ട മാനദണ്ഡങ്ങളെക്കുറിച്ച് വ്യക്തമായി പ്രതിപാദിക്കുന്നുണ്ടെങ്കിലും താഴെ കൊടുക്കുന്ന പ്രവൃത്തികളിൽ അവയൊന്നും പാലിച്ചിട്ടില്ല.

<u>1.വാർഡ്2 സുകൃതം അംഗൻവാടി നിർമാണം</u>,
അടങ്കൽ ഏഴ് ലക്ഷം

കൺവീനർ -കെ എ കൊച്ചുമോൻ,കിഴക്കെപ്പാട്ട്

ബിൽ നം-46/15/3/14-100000

73/31/3/14-79566

ഡി.ഡി നം. 986685/31/12/14-456076

അളവുപുസ്തകം.51/13-14

<u>അപാകതകൾ</u>

ഗുണഭോക്തൃസമിതികൾ യോഗം ചേർന്നതിന്റെ മിനിറ്റ്സ് ബുക്ക്,കണക്കുപുസ്തകം,സാധനങ്ങൾ വാങ്ങിയത് സംബന്ധിച്ച കൊട്ടേഷൻ വിവരങ്ങൾ,സംയുക്ത അക്കൗണ്ട്,വേതനം നല്കിയിട്ടുള്ളത് സംബന്ധിച്ച വിവരങ്ങൾ എന്നിവ ഇല്ല.

27/1/16ലെ 7നം.അന്വേഷണക്കുറിപ്പിനെ തുടർന്ന് 28/1/16.12.35pmന് ഗ്രാമപഞ്ചായത്തിലെ ഓവർസിയർ ശ്രീമതി സോന. ഒ.ടി യുടെ സാന്നിദ്ധ്യത്തിൽനടന്ന സ്ഥല പരിശോധനയിൽ സുകൃതം അംഗൻവാടി കെട്ടിടത്തിന്റെ ഗോവണിയിലേക്ക് മുഴുവനായും ചെരിവ് നിർമിക്കാത്തതിനാൽ ചുമരിൽ വെള്ളം ഊർന്നിറങ്ങുന്നതായി കണ്ടു. ഹാളിന്റെ പിൻഭാഗത്ത് ജനലിന്റെ താഴെ പൊട്ടലുണ്ടായിട്ടുണ്ട്. കൺവീനറെ കൊണ്ട് അപാകതകൾ തൃപ്തികരമായി പരിഹരിക്കുന്നതു വരെ സാമ്പത്തികവർഷം ചെലവ് ചെയ്തിട്ടുള്ള 179566/-രൂപ തടസ്സപ്പെടുത്തുന്നു.

<u>2.കാളിക്കുട്ടി സ്മാരക എസ് സി സാംസകാരികനിലയത്തിൽ കിണർ നിർമാണം</u>

അടങ്കൽ 125000

കൺവീനർ-പെരിങ്ങാട്ട് വേലായുധൻ മകൻ തങ്കപ്പൻ

അളവുപുസ്തകം 157/13-14

ബിൽനം-62/31/3/14-125000

അപാകതകൾ -ഗുണഭോക്തൃസമിതികൾ ചേർന്നതിന്റെ വിവരങ്ങൾ,മിനിറ്റ്സ്,വേതനം നല്കിയിട്ടുള്ളതിന്റെ വിവരങ്ങൾ,സംയുക്ത അക്കൗണ്ട് എന്നിവ ഇല്ല.

<u>3.ശ്രീമുരുകൻ ഹൈസ്കൂൾ റോഡ് പുനരുദ്ധാരണം,ടാറിങ്ങ്</u>

അടങ്കൽ നാലു ലക്ഷം

ബിൽ നം-54/26/3/14-424984

അപാകത-സംയുക്ത അക്കൗണ്ട് പാസ്സ് ബുക്ക് ഇല്ല.

3)മധുരംപിള്ളി കൾവർട്ട് &റോഡ്

കൺവീനർ-തണ്ടാശേരി സുബ്രഹ്മണ്യൻ മകൻ സലീഷ് കുമാർ

അപാകതകൾ-കരാർ മിനിറ്റ്സ് ,കണക്കുപുസ്തകം ,ചെലവുരേഖകൾ,സംയുക്ത അക്കൗണ്ട് പാസ് ബുക്ക് എന്നിവയില്ല.

4)ബാലബോധിനി ഫുട് പാത്ത് ബാക്കി ഭാഗം നിർമാണം

കൺവീനർ-ചിരുകണ്ടത്ത് നാരായണൻ മകൻ അജോയ്കുമാർ

ബിൽ നം-65/31/3/14-176600കരാർ 49/AE/LSGD/EDY/20/2/14

അപാകതകൾ

മിനിറ്റ്സ് ,കണക്കുപുസ്തകം,ചെലവുരേഖകൾ(മസ്റ്റർ റോൾ -ഹാജർ ഇല്ല),സംയുക്ത പാസ്ബുക്ക്

രേഖകൾ ഹാജരാക്കിയിട്ടില്ലാത്തത് വിശദീകരിക്കേണ്ടതാണ്. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

3-5 അളവുപുസ്തകങ്ങൾ ഹാജരാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ
താഴെ പറയുന്ന പ്രവൃത്തികളുടെ അളവുപുസ്തകങ്ങൾ പരിശോധക്ക് ഹാജരാക്കിയിട്ടില്ല

പ്രവൃത്തി	കരാറുകാരൻ	അളവുപുസ്തകം	ബിൽ നം തുക

ഉദയഭാനു റോഡ് ടാറിങ്	ഇ എൻ ഉണ്ണികൃഷ്ണൻ	103/11-12	4/26/6/13, 300000
കയ്യാലപ്പറമ്പ് ക്ഷേത്രം റോഡിൽ ബാക്കി ഭാഗം മെറ്റലിങ് ടാറിങ്	പി എം അബ്ദുള്ള	54/13-14	60/26/3/14, 500000

അളവുപുസ്തകങ്ങൾ ഹാജരാക്കാത്തതിനാൽ ചെലവഴിച്ച തുക 800000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 14/28.01.16

3-6 ബിൽ, അളവുപുസ്തകം എന്നിവ ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി. എഞ്ചിനീയർ
അംഗൻവാടി നം.14

കരാറുകാരൻ -സിഎ ജമാൽ

കരാർ- 18/13-14/AE/LSGD/30/8/13

ബിൽ നം-63/29/3/14-204590 രൂപ

ബില്ലും, അളവു പുസ്തകവും ഹാജരാക്കാത്തതിനാൽ ചെലവഴിച്ച 204590/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-7 കനാൽ ബാലബോധിനി കോളനി ഫുട്പാത്ത് നിർമാണം-അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചനീയർ
പ്രൊജക്റ്റ് നം.-131/14,
ബിൽ നം-67/31/3/14- 420025

ബിൽ നം-68/31/3/14- 150000

അളവുപുസ്തകം -124/13-14
അടങ്കൽ റിപ്പോർട്ട് പ്രകാരം കോളനിയിൽ കോൺക്രീറ്റ് നടപ്പാതയാണ് നിർമ്മിച്ചത്.

28/1/16 ന് 2.55pm ന് ഗ്രാമപഞ്ചായത്തിലെ ഓവർസിയർ ശ്രീമതി സോന ഒ.ടിയുടെ സാന്നിദ്ധ്യത്തിൽ നടന്ന സ്ഥല പരിശോധനയിൽ ഫുട്പാത്തിൽ ജോയിന്റുകൾ നിർമിക്കാ ത്തതിനാൽ പൊട്ടലുകൾകണ്ടെത്തി. ഫുട്പാത്തിൽ അവസാനഭാഗങ്ങളിൽ പൊട്ടിത്തകർന്ന് മെറ്റൽ ഇളകിയിരുന്നു. ആവശ്യത്തിന് സിമന്റ് ഉപയോഗിക്കാത്തതിനാൽ മെറ്റൽ തള്ളി നിൽക്കുന്നുമുണ്ട്. കരാറുകാരൻ ശ്രീ ഇ എൻ ഉണ്ണികൃഷ്ണനെ കൊണ്ട് അപാകതകൾ തൃപ്തികരമായി പരിഹരിക്കുന്നതുവരെ ചെലവു ചെയ്തിട്ടുള്ള 575025/- രൂപ തടസ്സപ്പെടുത്തുന്നു.

3-8 സ്ഥലപരിശോധനയിൽ കണ്ട അപാകതകൾ

1.ബിൽ നം. തി.64/31.3.14.രൂപ 430000/-(ജില്ലാ പഞ്ചായത്ത് വിഹിതം)

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനീയർ
പ്രോജക്റ്റ് നം. 108/12, SO 103/14

കരാറുകാരൻ.ഇ.എൻ.ഉണ്ണികൃഷ്ണൻ.

അടങ്കൽ പ്രകാരം കോളനി റോഡ് റീടാറിംങ്ങ്, കാന നവീകരണം, കുളം പാരപ്പറ്റ് നിർമ്മിക്കൽ എന്നിവയാണ് ചെയ്തിട്ടുള്ളത്.

25/1/16 ലെ7 നമ്പർ അന്വേഷണക്കുറുപ്പിനെ തുടർന്ന് ഗ്രാമപഞ്ചായത്തിലെ ഓവർസിയർ ശ്രീമതി. സോന ഒ .ടി യുടെ സാന്നിദ്ധ്യത്തിൽ നടന്ന സ്ഥലപരിശോധനയിൽ കോളനിയുടെ ആരംഭ ഭാഗത്ത്

റോഡിന് കുറുകെ നിർമിച്ചിട്ടുള്ള കാനയുടെ ഒരു സ്ലാബ് പൊട്ടിത്തകർന്നതായി കണ്ടു. അപകടം സംഭവിക്കാതിരിക്കാൻ സ്ലാബ് പൊട്ടിയ ഭാഗത്ത് തെങ്ങോല ഇറക്കിവെച്ചിരുന്നു. അപാകതകൾ തൃപ്തികരമായി പരിഹരിക്കുന്നതുവരെ കരാറുകാരന് നല്കിയിട്ടുള്ള 430000/-രൂപ തടസ്സപ്പെടുത്തുന്നു.

2)അംഗൻവാടി കെട്ടിടത്തിന്റെ അപര്യാപ്തതകൾ

2014-15ൽ പൂർത്തീകരിച്ച ഹരിശ്രീ അംഗൻവാടി(നം.16) 28.01.16ന് 03.50ന് ഗ്രാമപഞ്ചായത്തിലെ ഓവർസിയർ ശ്രീമതി സോന ഒ.ടിയുടെ സാന്നിദ്ധ്യത്തിൽ പരിശോധിച്ചപ്പോൾ അടുക്കളയുടെ ജനലുകൾ പകുതിയിലധികം പൊളിഞ്ഞതായി കണ്ടു. പഠന ഹാളിലെ ഒരു ഫാൻ ഒടിഞ്ഞ് തൂങ്ങി കാണപ്പെട്ടു. ഈ അപാകതകൾ എത്രയും വേഗം പരിഹരിക്കേണ്ടതാണ്.

3-9 ആസ്തി രജിസ്റ്റർ കാലികമല്ല.

GO(MS)255/LSGD/18/7/13നമ്പർ ഉത്തരവിൽ ആസ്തി രജിസ്റ്റർ ഡിജിറ്റൽ രൂപത്തിൽ കാലികമാക്കി സൂക്ഷിക്കണമെന്ന് നിർദേശിച്ചിട്ടുണ്ടെങ്കിലും ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ആസ്തി രജിസ്റ്ററിൽ അറ്റകുറ്റപ്പണികൾ ,കൂട്ടിച്ചേർക്കലുകൾ കുറവുവരുത്തൽ, തേയ്മാനവിവരങ്ങൾ എന്നിവ ചേർത്ത് കാലികമാക്കി സൂക്ഷിച്ചിട്ടില്ല .ആസ്തി രജിസ്റ്റർ എത്രയും വേഗം കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

3-10 ടെണ്ടർ കുറവ് വരുത്തിയില്ല-നഷ്ടം 1785രൂപ

1.മധുരംപിള്ളി-ഉപ്പുതുരുത്തി റോഡ് ബാക്കിഭാഗം റീടാറിങ്ങ്

കരാറുകാരൻ -എം എം ഹാഷിം, മതിലകത്തു വീട്ടിൽ, കൈപ്പമംഗലം

കരാർ-3/13-14/AE/LSGD/EDY/26/8/13

നിരക്ക് 1.1% കുറവ് അടങ്കൽ -100000/-

അളവുപുസ്തകം-81/13-14

ബിൽ നം. 45/13/3/14-100000/-

ടെണ്ടർ കുറവ് വരുത്തിയില്ലാത്തതിനാൽ കരാറുകാരന് 1100/-രൂപ കൂടുതൽ നല്കിയിട്ടുള്ളത് ടിയാനിൽ നിന്നോ ഉത്തരവാദിയായ അസി.എൻജിനീയറിൽ നിന്നോ തിരിച്ച് പിടിച്ച് വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2.സർദാർ ചിറക്കൽ ചെറുപുഴ റോഡ് ഫില്ലിങ്ങ്

കരാറുകാരൻ – ഹാഷിം, മതിലകത്തുവീട്ടിൽ, കൈപ്പമംഗലം

നിരക്ക്-1.5%കുറവ്

ബിൽ നം-69/31/3/14- 45679രൂപ

പ്രവൃത്തിമൂല്യം-45679

അളവു പുസ്തകം74/14

ടെണ്ടർ കുറവ് വരുത്തിയില്ലാത്തതിനാൽ കരാറുകാരന് 685/-രൂപ അധികം നല്കിയിട്ടുള്ളത് ടിയാനിൽ നിന്നോ ഉത്തരവാദിയായ അസി. എൻജിനീയറിൽ നിന്നോ തിരിച്ച് പിടിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഒാഡിറ്റ് അന്വേഷണ കുറിപ്പ് നം. 24/30.01.16)

3-11 കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ആൾക്ക് കരാർ നൽകാത്തതിനാൽ അധിക ചെലവ്

1.പ്രോജക്റ്റ് നം. SOO92/14,രാമൻ കുളം റോഡ് കോൺക്രീറ്റിങ്ങ്,തേവർ റോഡ് ടാറിങ്ങ്
അടങ്കൽ -നാല് ലക്ഷം

അളവുപുസ്തകം -128/12-13
ബിൽ നം.- 3/26/6/13,398000

കരാറുകാരൻ-ശ്രീ കെ ആർ പ്രഭാകരൻ

കരാർ 14/12-13/AE/LSGD/EDY/29/1/12

ഈ പ്രവൃത്തിയുടെ ടെൻഡറിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയത് വി.ഡി .രാജീവ് വാഴൂർ വീട്, പി വെമ്പല്ലൂർ എന്നവരാണ്. ഇദ്ദേഹം സമർപ്പിച്ച ടെണ്ടർ ഫോറത്തിൽ 13% കുറഞ്ഞ നിരക്ക് തിരുത്തി 5% കൂടുതൽ ആക്കിയിട്ടുണ്ടെങ്കിലും ടെണ്ടർ ഷെഡ്യൂളിൽ തിരുത്തിയിരുന്നില്ല. ഈടെണ്ടർ സ്വീകരിക്കുന്നതിന് പകരം തൊട്ടടുത്ത കരാറുകാരന് ടെണ്ടർ നല്കിയിട്ടുള്ളത് മൂലം സംഭവിച്ച അധിക ചെലവിന്റെ വിവരങ്ങൾ കൊടുക്കുന്നു.

കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ ഉറപ്പിച്ചിരുന്നുവെങ്കിൽ വരാവുന്ന പ്രവൃത്തിമൂല്യം-
400000 – 13%=348000
നിരക്ക് കൂടിയത് മൂലം വന്ന പ്രവൃത്തി മൂല്യം=398000

അധിക ചെലവ്=50000/-രൂപ

<u>പ്രവൃത്തി- കുട്ടപ്പനാശാരി റോഡ് സെക്കന്റ് മെറ്റലിങ് ടാറിങ്ങ് അടങ്കൽ 369090 (തനതുഫണ്ട്)</u>

30940/- (വികസനഫണ്ട്)

ആകെ നാല് ലക്ഷം രൂപ

<u>ചെലവ് വിവരങ്ങൾ</u>

ബിൽ നം 63/31/3/13-30940

ഡി.ഡി. നം.913429/15/7/13-165574

ട്രഷറി ചെക്ക് നം 2599741/21/4/13-192771

മേൽപ്പറഞ്ഞ പ്രവൃത്തിക്ക് ലഭിച്ച ഏറ്റവും കുറഞ്ഞ നിരക്ക് വി.ഡി. രാജീവ് സമർപ്പിച്ച 18% കുറവിലുള്ള നിരക്കായിരുന്നതിനാൽ ടെണ്ടർ ഫോമിലും ഷെഡ്യൂളിലും ഇത് തിരുത്തി 5% അധികമാക്കിയിരിക്കുകയാണ്. ഇത്രയും കുറവിലുള്ള നിരക്ക് രേഖപ്പെടുത്തിയ കരാറുകാരൻ കൂടിയ നിരക്ക് രേഖപ്പെടുത്തുക അസ്വാഭാവികമാണ്. 0.5% കുറവിലുള്ള നിരക്ക് രേഖപ്പെടുത്തിയ കെ ആർ പ്രഭാകരന്റെ നിരക്ക് അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. കൂടിയ നിരക്ക് അംഗീകരിച്ചത് മൂലമുള്ള അധിക ചെലവിന്റെ വിവരം താഴെ കൊടുക്കുന്നു.

കൂടിയ നിരക്ക് അംഗീകരിച്ചത് മൂലമുള്ള പ്രവൃത്തിമൂല്യം-400000(-)0.5%=398000

കുറവിലുള്ള നിരക്ക് അംഗീകരിച്ചാലുള്ള പ്രവൃത്തിമൂല്യം-400000(-)18%=328000

കൂടിയ നിരക്ക് അംഗീകരിച്ചത് മൂലം അധിക ചെലവ് =70000രൂപ

ഇത് സംബന്ധിച്ച് 27/1/16ന് നൽകിയ 11നമ്പർ അന്വേഷണക്കുറിപ്പിനെ നല്കിയിട്ടുള്ള മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ളത് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ആൾ ഇ.എം.ഡി. അടവാക്കാത്തതുമൂലമാണ് ടെണ്ടർ നിരസിച്ചതെന്നാണ്. എന്നാൽ 16/1/13ന് അന്നേ ദിവസം തന്നെ നടത്തിയ മിൽമ അയ്യപ്പൻകാവ് റോഡ് റീടാറിങ്-പ്രൊജക്റ്റ് നംപർ SO101/13ന് ടെണ്ടർ സമർപ്പിച്ച എം.എം. ഹാഷിം (0.5%കുറവ്), വി.ഡി രാജീവ്(10.1%കുറവ്) എന്നീ രണ്ടുപേരും ഇ. എം. ഡി സമർപ്പിച്ചിരുന്നില്ല. ഇവരിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ വി. ഡി രാജീവിനെ ഒഴിവാക്കി എം.എം ഹാഷിമിന് കരാർ നൽകി.(നം.16/12-13/AE/LSGD/1/2/13) ബിൽനം 55/22/3/13- പ്രകാരം 388050രൂപ പിൻവലിച്ച് കരാറുകാരന് ഡി.ഡി. നമ്പർ 788250/25/3/13 പ്രകാരം 368646 രൂപ നല്കിയിട്ടുള്ളതുമാണ്. ആധികാരികമല്ലാത്ത രീതിയിലാണ് ഇവിടെ ടെണ്ടർ നടപടികളെടുത്തിട്ടുള്ളതെന്ന് വളരെ വ്യക്തമാണ്. ഇക്കാരണത്താൽ തന്നെ നല്കിയിട്ടുള്ള മറുപടി തൃപ്തികരമല്ല. അധികം നല്കിയിട്ടുള്ള തുക 120000/-(50000+70000) തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 2/27/30.01.16)

3-12 പൂർത്തീകരണ സാക്ഷ്യപത്രം.കൈപ്പറ്റ് രശീത് എന്നിവ ഹാജരാക്കിയിട്ടില്ല.-തുക തടസ്സപ്പെടുത്തുന്നു.

എ) തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച താഴെ പറയുന്ന ചെലവുകളുടെ കൈപ്പറ്റ് രശീത്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കാത്തതിനാൽ ചെലവഴിച്ച 141515/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ക്രമ നം	ചെക്ക് നം/ ഡിഡി നം./ തി	തുക	നൽകിയതിന്റെ വിവരം	റിമാർക്സ്
1	438421/2.5.13	103233	ലൈബ്രറി സെസ്സ് അടവാക്കിയത്	കൈപ്പറ്റ് രശീത് ഇല്ല.
2	411795/11.12.13	21000	വാർഡ് 18ലെ പൊതു ടാപ്പുകൾ മാറ്റുന്നതിന് കേരള വാട്ടർ അതോറിറ്റിക്ക് നൽകിയത്	പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.
3	184604/13.12.13.	7282	വാർഡ് 11-ൽ ലൈൻ ഷിഫ്റ്റ് ചെയ്യുന്നതിന് കയ്യമംഗലം ഇലക്ട്രിസിറ്റി സെക്ഷന് നൽകിയത്	പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

ക്രമ നം	ചെക്ക് നം/ ഡിഡി നം./ തി	തുക	നൽകിയതിന്റെ വിവരം	റിമാർക്സ്
4	2599784/1.1.14. 2599792/10.3.14.	5000 5000	മുസ്രിസ് ബീച്ച് ഫെസ്റ്റിന് നൽകിയത്	വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.
ആകെ		141515		

ബി)വിവിധ പദ്ധതികൾക്ക് വേണ്ടി താഴെ പറയും പ്രകാരം ചെലവഴിച്ച തുകകളുടെ പൂർത്തീകരണ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ ചെലവവിച്ച 1430000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ക്രമ നം.	പ്രോജക്റ്റിന്റെ പേര് / പ്രോജക്റ്റ് നം	നിർവ്വഹണോദ്യോഗസ്ഥൻ.	ബിൽ നം. തിയ്യതി	തുക	റിമാർക്സ്
1	ഐ.എ.വൈ.അധിക വിഹിതം പ്രോജക്റ്റ് നം.10/14(എസ്.സി)	സെക്രട്ടറി	19/ 8.10.13	180000/-	മതിലകം ബ്ലോക്ക് പഞ്ചായത്തിന് നൽകിയത്
2	ഐ.എ.വൈ.അധിക വിഹിതം ,പ്രോജക്റ്റ് നം.9/14(ജനറൽ)	,,	20/ 8.10.13.	80000/-	മതിലകം ബ്ലോക്ക് പഞ്ചായത്തിന് നൽകിയത്
3	ഐ.എ.വൈ.അധിക വിഹിതം പ്രോജക്റ്റ് നം.9/14(ജനറൽ)	,,	39/ 24.02.13.	40000/-	മതിലകം ബ്ലോക്ക്

ക്രമ നം.	പ്രോജക്റ്റിന്റെ പേര് / പ്രോജക്റ്റ് നം	നിർവ്വഹണോദ്യോഗസ്ഥൻ.	ബിൽ നം. തിയ്യതി	തുക	റിമാർക്സ്
					പഞ്ചായത്തിന് നൽകിയത്
4	ഐ.എ.വൈ ഭവന നിർമ്മാണം.152/14 (എസ്.സി)	,,	77/ 27.3.14.	650000/-	മതിലകം ബ്ലോക്ക് പഞ്ചായത്തിന് നൽകിയത്
5	ഐ.എ.വൈ ഭവന നിർമ്മാണം. 151/14(ജനറൽ)	,,	78/ 27.3.14	300000/-	മതിലകം ബ്ലോക്ക് പഞ്ചായത്തിന് നൽകിയത്
6	ഐ.എ.വൈ.അധിക വിഹിതം ,പ്രോജക്റ്റ് നം.10/14(എസ്.സി)	,,	40/ 27.12.13.	30375	മതിലകം ബ്ലോക്ക് പഞ്ചായത്തിന് നൽകിയത്
7	ഐ.എ.വൈ.അധിക വിഹിതം (എസ്.സി)10/14(എസ്.സി)	,,	41/ 27.12.13.	9625	മതിലകം ബ്ലോക്ക് പഞ്ചായത്തിന് നൽകിയത്
8	അധികം അനുവദിച്ച ഐ.എ.വൈ. വീടുകൾക്ക് വിഹിതം 147/14 (എസ്.സി.പി)	,,	56/ 15.3.14.	40000	മതിലകം ബ്ലോക്ക് പഞ്ചായത്തിന് നൽകിയത്

ക്രമ നം.	പ്രോജക്റ്റിന്റെ പേര് / പ്രോജക്റ്റ് നം	നിർവ്വഹണോദ്യോഗസ്ഥൻ.	ബിൽ നം. തിയ്യതി	തുക	റിമാർക്സ്
9	വിജ്ഞാൻ സാഗർ 135/14	,,	25/ 19.10.13	100000/-	വിജ്ഞാൻ സാഗർ സ്പെഷൽ ഓഫീസർക്ക് നൽകിയത്
ആകെ				1430000/-	

മേൽ പറഞ്ഞ ചെലവുകളുടെ പൂർത്തീകരണ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

3-13 നിലവിലില്ലാത്ത ബൾബുകൾക്ക് കറന്റ് ചാർജ്ജ് നൽകി വരുന്നു

തെരുവ് വിളക്കുകളുടെ കറന്റ് ചാർജ്ജിനത്തിൽ 358 ബൾബുകൾക്ക് 49 രൂപ വീതം കറന്റ് ചാർജ്ജ് അടവാക്കി വരുന്നു. എന്നാൽ നിലവിൽ ടി പഞ്ചായത്തിൽ ബൾബുകൾ മാറ്റി എല്ലാം സി.എഫ്.എൽ ആക്കിയിട്ടുണ്ട്. സി.എഫ്.എൽ 18wt ലൈറ്റുകളുടെ കറന്റ് ചാർജ്ജ് ഒന്നിന് 12 രൂപയാണ്. ഒരു ബൾബിന് 37 രൂപ വീതം 358 ബൾബുകൾക്ക് 13246/- രൂപ പ്രതിമാസം അധികം അടവാക്കി വരുന്നു. ഓഡിറ്റ് സമയത്തും ഇപ്രകാരം 358ബൾബുകൾക്ക് വൈദ്യുതി ചാർജ്ജ് അടവാക്കുന്നുണ്ട്.2012-13 വർഷത്തെഓഡിറ്റ് റിപ്പോർട്ടിലും ഇക്കാര്യം പരാമർശിച്ചിരുന്നുവെങ്കിലും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല .മീറ്ററിങ്ങിന് വേണ്ടി 2012-13 വർഷം കാട്ടൂർ,കയ്യമംഗലം,വലപ്പാട് ഡിവിഷനുകളിലായി 54 മീറ്റർ സ്ഥാപിക്കുന്നതിന് 286200/- രൂപ അടവാക്കിയിട്ടുണ്ടെങ്കിലും നാളിതു വരെ 9മീറ്റർ മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത്. തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നാളിതു വരെ നടത്തിയിട്ടുമില്ല. മീറ്റർ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുന്നതിനും, ബൾബിന്റെ കറന്റ് ചാർജ്ജിനത്തിൽ അധികം അടവാക്കിയ തുക തിരികെ ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-14 ലോഗ് ബുക്ക് ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല.

ലോഗ് ബുക്ക് പരിശോധിച്ചതിൽ സാമ്പത്തിക വർഷം ഡീസൽ വാങ്ങിയത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ, ഇന്ധന ഉപഭോഗം സംബന്ധിച്ച് മാസാന്ത്യ ക്ലോസിങ്ങ്, മൈലേജ് ടെസ്റ്റ് നടത്തിയ വിവരം, വാഹനത്തിന്റെ റിപ്പയർ സംബന്ധിച്ച വിവരം എന്നിവ ചേർത്തിട്ടില്ല.യാത്ര ചെയ്ത സ്ഥലത്തിന്റെ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തൻവർഷം ഇന്ധനം വാങ്ങിയതിന്റെ വിശദവിവരം താഴെകൊടുക്കുന്നു.

ക്രമ നം	**ചെക്ക് നം/തിയ്യതി**	**തുക**
1	473414/26.4.13	21722/-
2	000402/16.8.13	24323/-
3	001245/4.12.13	11337/-
4	001283/28.1.14	13744/-
5	002316/5.3.14	8031/-
6	002336/29.3.14.	7803/-
ആകെ		**86960/-**

ഇന്ധനം വാങ്ങിയത് സംബന്ധിച്ച് വിവരങ്ങൾ ലോഗ്ബുക്കിൽ ചേർത്ത് മാസാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

3-15 പെൻഷൻ അപാകതകൾ

എ)പെൻഷൻ അപേക്ഷകൾ സമയപരിധിക്കുള്ളിൽ തീർപ്പാക്കുന്നില്ല.

വിവിധ പെൻഷനുകളുടെ അപേക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ അപേക്ഷകൾ ഒന്നും തന്നെ സമയപരിധിക്കുള്ളിൽ തീർപ്പാക്കിയിട്ടില്ല. പഞ്ചായത്തിൽ സമ്പൂർണ്ണ പെൻഷൻ പദ്ധതി നടപ്പാക്കിയതിന്റെ ഭാഗമായി സ്വീകരിച്ച 1368 അപേക്ഷകളിൽ 980 എണ്ണം സമയ പരിധിക്കുള്ളിൽ തീർപ്പാക്കിയിട്ടുണ്ട്. ബാക്കിയുള്ള അപേക്ഷകളൊന്നും തന്നെ സമയ പരിധിക്കുള്ളിൽ തീർപ്പാക്കിയിട്ടില്ല.

ഏതാനും ഉദാഹരണങ്ങൽ താഴെ കൊടുക്കുന്നു.

ക്രമ നം.	ഗുണഭോക്താവിന്റെ പേര്	അപേക്ഷിച്ച തിയ്യതി	തീർപ്പാക്കിയ തിയ്യതി
വിധവപെൻഷൻ			
1	ജഗദാംബിക.വി.കെ. കാട്ടുങ്ങൽ ,ചെന്ത്രാപ്പിന്നി.	1.3.13	പഞ്ചായത്ത് കമ്മിറ്റി തീരുമാനം2(2) 10.12.13
2	മൈഥിലി കുമാരൻ വെളമ്പത്ത്,ചെന്ത്രാപ്പിന്നി.	1.3.13	പഞ്ചായത്ത് കമ്മിറ്റി തീരുമാനം2(2) 10.12.13

ക്രമ നം.	ഗുണഭോക്താവിന്റെ പേര്	അപേക്ഷിച്ച തിയ്യതി	തീർപ്പാക്കിയ തിയ്യതി
3	തങ്കം വടക്കൂട്ടയിൽ,എടത്തിരുത്തി.	2.3.13.	പഞ്ചായത്ത് കമ്മിറ്റി തീരുമാനം2(2) 10.12.13
4	സരസ്വതി,കുറുവത്ത് ചെന്ത്രാപ്പിന്നി.	4.3.13.	പഞ്ചായത്ത് കമ്മിറ്റി തീരുമാനം2(2) 10.12.13
5	പൂജരഘുനാഥ്,പണിക്കശ്ശേരി എടത്തിരുത്തി.	4.3.13.	പഞ്ചായത്ത് കമ്മിറ്റി തീരുമാനം2(1) 30.10.13
6	പുഷ്പലത,പൂരപ്പെട്ടി,ചെന്ത്രാപ്പിന്നി.	4.3.13.	പഞ്ചായത്ത് കമ്മിറ്റി തീരുമാനം2(1) 30.10.13
7	താര രാജഗോപാൽ ,കല്ലുങ്ങൽ ചെന്ത്രാപ്പിന്നി.	6.3.13.	പഞ്ചായത്ത് കമ്മിറ്റി തീരുമാനം2(1)

ക്രമ നം.	ഗുണഭോക്താവിന്റെ പേര്	അപേക്ഷിച്ച തിയ്യതി	തീർപ്പാക്കിയ തിയ്യതി
			30.10.13
8	സൗദാമിനിയമ്മ,ചങ്ങരംകുളത്ത്, ചെന്ത്രാപ്പിന്നി.	6.3.13.	പഞ്ചായത്ത് കമ്മിറ്റി തീരുമാനം2(1) 30.10.13
9	സതി സോമു,കക്കാട്ടിൽ, ചെന്ത്രാപ്പിന്നി.	6.3.13.	പഞ്ചായത്ത് കമ്മിറ്റി തീരുമാനം2(1) 30.10.13
10	അലീമ,പുഴങ്കരയില്ലത്ത്, ചെന്ത്രാപ്പിന്നി.	6.3.13.	പഞ്ചായത്ത് കമ്മിറ്റി തീരുമാനം2(1) 30.10.13
11	ഓമന,കല്ലുങ്ങൽ, വലപ്പാട്.	18.3.13	പഞ്ചായത്ത് കമ്മിറ്റി തീരുമാനം2(1) 30.10.13
വികലാംഗ പെൻഷൻ			

ക്രമ നം.	ഗുണഭോക്താവിന്റെ പേര്	അപേക്ഷിച്ച തിയ്യതി	തീർപ്പാക്കിയ തിയ്യതി
12	കിരൺ ഡേവിസ് ചിറയത്ത്,എടത്തിരുത്തി.	5.2.14	പഞ്ചായത്ത് കമ്മിറ്റി തീരുമാനം20(3) 17.12.15
13	ജോഫിൻ ഡേവിസ്, ചിറയത്ത് ,എടത്തിരുത്തി.	5.2.14	പഞ്ചായത്ത് കമ്മിറ്റി തീരുമാനം20(3) 17.12.15
14	ഫാത്തിമ.എ.ബി. വലിയകത്ത്,ചാമക്കാല	5.2.13	പഞ്ചായത്ത് കമ്മിറ്റി തീരുമാനം19(1) 30.11.13
15	മായ.എം.എം. മുല്ലശ്ശേരി വീട്,ചെന്ത്രാപ്പിന്നി.	30.7.12	പഞ്ചായത്ത് കമ്മിറ്റി തീരുമാനം19(1) 30.11.13

പെൻഷൻ അപേക്ഷകൾ യഥാസമയം തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി)മണിയോർഡർ തിരകെ വരുന്നതു മൂലം എം.ഒ.കമ്മീഷൻ നഷ്ടം

തൻവർഷം ഗുണഭോക്താക്കൾ സ്ഥലത്തില്ലാത്തതിനാലും,മരണപ്പെട്ടതിനാലും താഴെ പറയും പ്രകാരമുള്ള തുക പെൻഷൻ ഇനത്തിൽ തിരികെ ലഭിച്ചിട്ടുണ്ട്.വിശദവിവരം താഴെ കൊടുക്കുന്നു.

ഇനം	തുക	കമ്മീഷൻ
കർഷകതൊഴിലാളി പെൻഷൻ	44700	2235
വാർദ്ധക്യകാലപെൻഷൻ	25900	1295
അവിവാഹിതപെൻഷൻ	2800	140
വിധവപെൻഷൻ	65975	3299
വികലാംഗപെൻഷൻ	10500	525

പെൻഷൻ തിരികെ വരുന്നതു മൂലം കമ്മീഷൻ ഇനത്തിൽ മേൽപ്രകാരം പഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നുണ്ട്.പെൻഷൻ ലിസ്റ്റ് കാലികമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-16 കറന്റ് ചാർജ്ജ് കുടിശ്ശികയിനത്തിൽ അധിക തുക അടവാക്കിയത്

കെ.എസ്.ഇ.ബി.യുടെ 01.05.2013 മുതൽ നിരക്ക് റിവൈസ് ചെയ്തത് പ്രകാരം കറന്റ് ചാർജ്ജ് പ്രതിമാസം 53550/രൂപ ആക്കി ഉയർത്തിയിട്ടുണ്ട്. ആയത് പ്രകാരം 7.10.13 ലെ BB/KPM/SL/REVISION /2013-14കെ.എസ്.ഇ.ബി. യുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 11/13 ലെ കറന്റ് ചാർജ്ജായ 53550 രൂപയും കുടിശ്ശികയിനത്തിൽ 42006 രൂപയും അടക്കം 95556/-രൂപ (ചെക്ക് നം.001234/15.11.13) കെ.എസ്.ഇ.ബിക്ക് അടവാക്കിയിട്ടുണ്ട്.മെയ്,2013 മുതൽ ഒക്ടോബർ 2013 വരെ 6മാസം അടവാക്കേണ്ട തുക(53550x6) 321300 രൂപ യാണ്. ടി കാലയളവിൽ പഞ്ചായത്ത് അടവാക്കിയ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

ക്രമനം	മാസം	ചെക്ക് നം/തിയ്യതി	തുക
1	മെയ്	473501/14.5.13	46549/-
2	ജൂൺ	473730/10.6.13	48392/-
3	ജൂലായ്	473969/12.7.13.	46549/-
4	ആഗസ്റ്റ്	000399/14.8.13	48392/-
5	സെപ്റ്റംബർ	004229/13.9.13.	46549/-
6	ഒക്ടോബർ	000453/11.10.13.	46541/-
അടവാക്കിയ തുക			282972/-

കുടിശ്ശികയായി 38328/-(321300-282972) രൂപ അടവാക്കേണ്ടതിനു പകരം 42006/-രൂപ അടവാക്കി .ആയതു പ്രകാരം 3678/-(42006-38328) രൂപ അധികം അടവാക്കിയിട്ടുണ്ട്. ടി തുക അഡ്ജസ്റ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം 28/30.01.2016

3-17 ആയുർവേദ മരുന്ന് വാങ്ങൽ-കരാർ,ഇന്റന്റ് എന്നിവയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി

ബിൽ നം:51300638/18.10.13, 2ലക്ഷം

പ്രോജക്ട് നം:S0002/14

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ 'ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ' എന്ന മേൽ പ്രോജക്ടിൽ താഴെ പറയുന്ന അപാകതകൾ ഉണ്ട്:

(1). സർക്കാർ ഉത്തരവ് നം:13160/DA.1/10LSGD,Dt.28-11-10 പ്രകാരം ഔഷധിയിൽ നിന്ന് മരുന്ന് വാങ്ങുമ്പോൾ മുൻകൂർ നൽകി 60 ദിവസത്തിനുള്ളിൽ മരുന്ന് വിതരണം ചെയ്യേണ്ടതാണ്. ഇതിനായി കരാർ വയ്ക്കണ്ടതുമാണ്. രണ്ട് മാസത്തിനകം മരുന്ന് നൽകിയില്ലെങ്കിൽ ഔഷധി നഷ്ടപരിഹാരം നൽകണം. എന്നാൽ മെഡിക്കൽ ഓഫീസർ ഔഷധിയുമായി കരാർ വച്ചിട്ടില്ല എന്ന് കാണുന്നു.

(2)മെഡിക്കൽ ഓഫീസർ മരുന്നുകൾ വാങ്ങുന്നതിനായി ആവശ്യകതയ്ക്കനുസരിച്ച് ഇന്റന്റ് തയ്യാറാക്കിയിട്ടില്ല. (3)പരിശോധനയ്ക്ക് ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്റർ പൂർണ്ണവും കൃത്യവുമല്ല .

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറി നം:13/28.1.16 ന് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കുന്നതു വരെ ചെലവ് തുക 200,000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

3-18 കന്നുകുട്ടി പരിപാലനം-രേഖകൾ ലഭ്യമാക്കേണ്ടതാണ്

പ്രോജക്ട് നം:5/13-14
ട്രഷറി ബിൽ നം:LSG2/13-14,രൂ.312500
പണമാക്കിയ തിയ്യതി : 29.10.13.

നിർവ്വഹണ ഉദ്യോഗസ്ഥൻ:വെറ്ററിനറി സർജൻ

കന്നുകുട്ടി പരിപാലന പദ്ധതി മാർഗ്ഗരേഖ ജിഒ(എംഎസ്)11/2001/മൃഗസംരക്ഷണം,തിയ്യതി 20.1.2001 പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും, ഫീൽഡ് ലെവൽ ഇംപ്ലിമെന്റിങ്ങ് ഓഫീസർ കൺവീനറുമായ അഞ്ച് അംഗ കമ്മറ്റിയാണ് സൊസൈറ്റികളെ നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നത്. ഗുണഭോക്താക്കൾ ബിപിഎൽ കുടുംബത്തിലായിരിക്കണം. കാലിവളർത്തലിൽ പരിചയമുള്ളവരായിരിക്കണം. വ്യാപകമായി പ്രചാരണം നൽകി അപേക്ഷ സ്വീകരിച്ചാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത്. 10% പട്ടികജാതിക്കാരായിരിക്കണം. (എസ് സി ഇല്ലെങ്കിൽ മറ്റുള്ളവരെ പരിഗണിക്കാം.) വിധവകൾ,അഭ്യസ്ഥ വിദ്യരായ തൊഴിൽരഹിതർ,ജവാന്മാരുടെ ആശ്രിതർ തുടങ്ങിയവർക്ക് പരിഗണന എന്നിവയാണ് യോഗ്യതകളിൽ പ്രധാനം. എന്നാൽ പ്രോജക്ട് ഫയലിനൊപ്പം ഹാജരാക്കിയ ഗുണഭോക്തൃ ലിസ്റ്റ് ഇപ്പറഞ്ഞ മാനദണ്ഡങ്ങൾക്കനുസൃതമാണോ എന്ന് വ്യക്തമല്ല.വെറ്ററിനറി സർജൻ സൂക്ഷ്മ പരിശോധന നടത്തി ഉറപ്പാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് വ്യക്തമായ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻകുയറി നം:9/27.1.16 ന് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. സംഘം സെക്രട്ടറിയുടെ സ്റ്റോക്ക്-വിതരണ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ജില്ലാ കോർഡിനേറ്ററുടെ സബ്സിഡി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരിയ്ക്കുന്ന മുറയ്ക്ക് ടി സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ഇപ്പറഞ്ഞ രേഖകൾ ഹാജരാക്കുകയും അപാകതയ്ക്ക് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കുകയും ചെയ്യും വരെ ചെലവ് തുകയായ 312500/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

3-19 തെങ്ങ് കൃഷി വികസനം-കരാറുകാരൻ ഗുണനിവാരമില്ലാത്ത വളമിറക്കി-കരാർ ലംഘനത്തിന് നഷ്ടപരിഹാരമിനത്തിൽ ഇ.എം.ഡി

മുതൽ കൂട്ടാക്കി

പ്രോജക്ട് നം:13/13-14

നിർവ്വഹണ ഉദ്യോഗസ്ഥൻ :കൃഷി ഓഫീസർ

2013-14ലെ ജനകീയാസൂത്രണ പദ്ധതിയിലെ മേൽ പറഞ്ഞ പ്രോജക്ടിൽ തെങ്ങുകൃഷി വികസനം,പുരയിട പച്ചക്കറി കൃഷി എന്നിവയ്ക്കായി ജൈവവളം വിതരണം നടത്തുന്നതിന് ടെൻഡർ ക്ഷണിച്ചതനുസരിച്ച് ശാന്തനു ഗ്രൂപ്പ്,തൃശൂർ എന്ന സ്ഥാപനമാണ് തെരഞ്ഞെടുക്കപ്പെട്ടത്.

ജൈവവള വിതരണത്തിന് ടെണ്ടർ ലഭിച്ച ശാന്തനു ഗ്രൂപ്പ് പഞ്ചായത്തുമായി കരാർ വയ്ക്കുകയും ആദ്യ ഗഡു വളം ഇറക്കുകയും ചെയ്തു. എന്നാൽ 2.12.13 ന് നടത്തിയ ലാബ് ടെസ്റ്റിൽ കപ്ട്ടേഷന് വ്യവസ്ഥ പ്രകാരം ഗുണനിലവാരമുള്ള വളമല്ല വിതരണത്തിന് എത്തിച്ചിട്ടുള്ളതെന്ന് കണ്ടെത്തി. തുടർന്ന് വളം വിതരണം നിർത്തി വയ്ക്കണ്ടി വന്നു.12.12.13 ലെ കമ്മറ്റിയിൽ ശാന്തനു ഗ്രൂപ്പ് എം.ഡിയെ നേരിട്ടു വിളിച്ചു വരുത്തി.ഗുണനിലവാരം മോശമാണെന്ന ലാബ് റിപ്പോർട്ടിനെ ടിയാൻ ഖണ്ഡിച്ചതിനെ തുടർന്ന് വീണ്ടും സാമ്പിളെടുത്ത് കാർഷിക സർവ്വകലാശാല ഹോർട്ടികൾച്ചർ ലാബിലേയ്ക്ക് പരിശോധനയ്ക്ക് നേരിട്ടു നൽകി. റിസൾട്ട് പ്രകാരം റഫറൻസ് സാമ്പിളുമായി ഗുണനിലവാരത്തിൽ സാമ്യമില്ലാത്തതാണെന്നും ഫെർട്ടിലൈസർ കൺട്രോൾ ഓർഡറിലെ നിബന്ധനകൾ അനുസരിച്ച് ഗുണനിലവാരം ഇല്ലാത്തതുമാണ് വിതരണത്തിനെത്തിച്ചിട്ടുള്ളതെന്ന് മനസ്സിലായി. ഇക്കാരണത്താൽ ജൈവവളം വിതരണ യോഗ്യമല്ല എന്നു കൃഷി ഓഫീസർ 26.12.13 ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജൈവവളവുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ നീരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

(1).11.11.13 ലെ ഉടമ്പടി കരാർ ഖണ്ഡിക-5 ലെ വ്യവസ്ഥ പ്രകാരം ഗുണനിലവാരമുള്ള ജൈവവളം വിതരണം ചെയ്യുന്നതിൽ ശാന്തനുഗ്രൂപ്പ് വീഴ്ച വരുത്തി. ഇതിന്റെ ഫലമായി വളം വിതരണം നിർത്തിവയ്ക്കണ്ടി വന്നു. ജൈവവളം ലഭ്യമല്ലാതായ സാഹചര്യത്തിൽ ജൈവവളത്തോടൊപ്പം വിതരണം ചെയ്യാൻ നിശ്ചയിച്ച പച്ചക്കറി വിത്ത് വിതരണം തടസ്സപ്പെട്ടു. ഉദ്ദേശം 1500 ഗുണഭോക്താക്കൾക്കായി പെർമിറ്റ് നൽകിയ സാഹചര്യത്തിൽ ജൈവവളം ലഭ്യമാകാത്തത് പഞ്ചായത്തിൽ ഗുരുതരമായ പ്രശ്നങ്ങളുണ്ടാക്കി.

(2). ഗുണനിലവാരമില്ലാത്ത ജൈവവളം സപ്ലൈ ചെയ്ത് ഗുരുതരമായ പ്രശ്നങ്ങളുണ്ടാക്കുകയും സമയബന്ധിതമായി തീർക്കേണ്ടിയിരുന്ന ജൈവവളവിതരണത്തിൽ വീഴ്ച വരുത്തി ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനത്തിനും പ്ലാൻ ഫണ്ട് വിനിയോഗത്തിന് തടസ്സം സൃഷ്ടിക്കുകയും വിശ്വാസ വഞ്ചന നടത്തുകയും ചെയ്ത ശാന്തനു ഗ്രൂപ്പിനെതിരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറി നം:20/29.2.16 ന് കൃഷി ഓഫീസർ തൃപ്തികരമായ മറുപടി തന്നിട്ടുണ്ട്. കരാറുകാരൻ തുക നല്കിയിട്ടില്ല. മാത്രമല്ല നിരത ദ്രവ്യം മുതൽ കൂട്ടിയിട്ടുമുണ്ട്.

കുറ്റകരമായ വിശ്വാസ വഞ്ചന ചെയ്ത ശാന്തനുഗ്രൂപ്പിനെ ബ്ലാക്ക് ലിസ്റ്റ് ചെയ്യുകയും സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തുകയും വേണ്ടതാണ്.

3-20 കാലിതീറ്റ ധനസഹായ പദ്ധതി -തീറ്റ വാങ്ങിയതിന്റെ രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്

പ്രോജക്ട് നം:S0024/14

നിർവ്വഹണ ഉദ്യോഗസ്ഥൻ :ഡയറി ഫാം ഇൻസ്ട്രക്ടർ
ബിൽ നം:EGP-1/13-14,രൂ.128,262
പണമാക്കിയ തിയ്യതി :18.12.13

2013-14 ൽ ഡയറി ഫാം ഇൻസ്ട്രക്ടർ നടപ്പാക്കിയ കാലിതീറ്റ ധനസഹായ പദ്ധതി, പഞ്ചായത്തിലെ രണ്ട് ക്ഷീരസംഘങ്ങളിൽ കൂടി പാലളക്കുന്ന ക്ഷീരകർഷകർക്ക് അളക്കുന്ന ഓരോ ലിറ്റർ പാലിനും രണ്ട് രൂപ നിരക്കിലുള്ള ധനസഹായം സംഘങ്ങളിൽ നിന്ന് കാലിതീറ്റ വാങ്ങുമ്പോൾ കർഷകർക്ക് ലഭിക്കുന്ന വിധത്തിലുള്ളതാണ്. ഇതിനായി എടത്തിരുത്തി ക്ഷീരോത്പാദക സഹകരണ സംഘം,ചെന്ത്രാപ്പിന്നി ക്ഷീരോത്പാദക സഹകരണ സംഘം എന്നിവയ്ക്കായി യഥാക്രമം 130091 രൂപ, 69909 രൂപ കൈമാറിയിട്ടുണ്ട്. പ്രോജക്ടിലെ വ്യവസ്ഥ പ്രകാരം സർക്കാർ/ സഹകരണ മേഖലയിലുള്ള കമ്പനികളിൽ നിന്നു മാത്രം കാലിതീറ്റ വാങ്ങേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് സഹകരണസംഘങ്ങൾ കാലിതീറ്റ വിതരണം നടത്തിയതിന്റെ രേഖകൾ ഓഡിറ്റിന്

ലഭ്യമാക്കാനാവശ്യപ്പെട്ട് എൻകവയറി നം:3/25.1.16 നൽകിയതിനെ തുടർന്ന് ആയവ ലഭ്യമാക്കിയിരുന്നു. എന്നാൽ അവ പൂർണ്ണമോ, കൃത്യമായി ഫയൽ ചെയ്തതോ ആയിരുന്നില്ല. കാലിതീറ്റ വിതരണ ചുമതല ഏല്പിക്കപ്പെടുന്ന സഹകരണ സംഘങ്ങൾ അവ യഥാവിധി നിർവ്വഹിക്കുന്നുവെന്നും ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുന്നുവെന്നും നിർവ്വഹണോദ്യോഗസ്ഥൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

3-21 ഭവന നിർണ്ണമ്മാണം(എസ്സ്സി)-ഗഡു നൽകിയതിന് രസീതില്ല

ബിൽ നം:73/13-14;രൂ.75000,
പണമാക്കിയ തിയ്യതി :2.4.14.

വിഇഒ(എടത്തിരുത്തി സർക്കിൾ) നടപ്പിലാക്കിയ ഭവന നിർണ്ണമ്മാണം(എസ് സി)എന്ന 73/14ാം നമ്പർ പ്രോജക്ടിൽ അറക്കപറമ്പിൽ വാവുട്ടി ഭാര്യ അയ്യപ്പെണ്ണ് എന്നവർക്ക് 13-14 ൽ താഴെ പറയുന്ന ഭവന നിർമ്മാണ ഗഡുക്കൾ നൽകിയിട്ടുണ്ട്.

18.4.13-രൂ.50,000

20.9.13-രൂ.25,000(അവസാനഗഡു)

എന്നാൽ മേൽ പറഞ്ഞ പണം നൽകലുകൾക്ക് തെളിവായുള്ള ഗുണഭോക്താവിന്റെ കൈപ്പറ്റ് രസീത് ഇല്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകവയറി നം:10/27.1.16 ന് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. മേൽ പറഞ്ഞ കൈപ്പറ്റ് രസീത് ലഭ്യമാക്കുന്നത് വരെ ചെലവ് തുക 75000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

3-22 വി.ഇ.ഒ.ചെന്ത്രാപ്പിന്നി രേഖകൾ ഹാജരാക്കിയില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു

2013-14 ൽ ചെന്ത്രാപ്പിന്നി സർക്കിൾ വി.ഇ.ഒ ആയിരുന്ന ശ്രീ. ആഡ്ലി ഉസ്മാൻ ടിയാന്റെ കാലയളവിൽ നടപ്പാക്കിയ പ്രോജക്ടുകളായ S-26,S-33,S-34,S-35,S-81,S-124 എന്നിവയുമായി ബന്ധപ്പെട്ട രേഖകളായ

ട്രഷറി ബിൽ ബുക്ക്,ക്യാഷ് ബുക്ക്,വൗച്ചറുകൾ,അകൗിറ്റൻസ് എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.കൂടാതെ അപേക്ഷകൾ പലതും ലഭ്യമാക്കിയ ഫയലിൽ ഇല്ല. 25.1.16 തിയതിയിൽ എൻകൗയറി നം:8,

1994കേ.ലോ.ഫ.നിയമം 11(1) പ്രകാരമുള്ള നോട്ടീസ് എന്നിവ നല്കിയെങ്കിലും യാതൊരു പ്രതികരണവും ഉണ്ടായിട്ടില്ല. ആയതിനാൽ രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക 47,43,000 രൂപ(ചെലവ് പത്രിക പ്രകാരം) തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ ഹാജരാക്കാത്തത് സംബന്ധിച്ച് 05.02.16 ന് KSA-TSR(P3) 218/16 പ്രകാരം കാരണം കാണിയ്ക്കൽ നോട്ടീസ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

3-23 അംഗന വാടി ഭക്ഷ്യവസ്തുക്കൾ വാങ്ങൽ-മാവേലി സ്റ്റോർ വിലയിൽ അധികരിക്കാൻ പാടില്ല

ബിൽ നം:X/13-14/11.11.13,രൂ.191,080

പ്രോജക്ട് നം:S023/13-14

നിർവ്വഹണ ഉദ്യോഗസ്ഥൻ -ഐ.സി.ഡി.എസ് സൂപ്പർവൈസർ.

മേൽ പറഞ്ഞ പ്രോജക്ടിൽ അംഗനവാടികൾക്കാവശ്യമായ ഭക്ഷ്യവസ്തുക്കൾ എടത്തിരുത്തി സർവ്വീസ് സഹകരണ ബാങ്കിന്റെ കീഴിലുള്ള നീതി സ്റ്റോറിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്.

സർക്കുലർ നം:62393/ഡി.ബി.2/2010/തസ്വഭവ. തിയതി 13.11.2010 പ്രകാരം അംഗനവാടികൾക്കാവശ്യമായ ഭക്ഷ്യവസ്തുക്കളും ഭക്ഷ്യ ഉത്പന്നങ്ങളും മാവേലി സ്റ്റോർ,നീതി സ്റ്റോർ, സഹകരണ സംഘങ്ങൾ, പൊതു വിതരണ കേന്ദ്രങ്ങൾ,കുടുംബശ്രീ യൂണിറ്റുകൾ എന്നിവിടങ്ങളിൽ നിന്നോ തീരമൈത്രി സൂപ്പർ മാർക്കറ്റുകളിൽ നിന്നോ, മാവേലി സ്റ്റോറുകളുടെ വിലയിൽ അധികരിക്കാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വാങ്ങാവുന്നതാണ്. പഞ്ചായത്തിലെ അംഗനവാടികൾക്കാവശ്യമായ ഭക്ഷ്യവസ്തുക്കൾ മേൽ പറഞ്ഞ നീതി സ്റ്റോറിൽ നിന്ന് വാങ്ങിയപ്പോൾ വില താരതമ്യം നടത്തിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൗയറി

നം12/28.1.16ന് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല.പദ്ധതി നിർവ്വഹണത്തിൽ ബന്ധപ്പെട്ട ഉത്തരവുകൾ, മാർഗ്ഗരേഖകൾ എന്നിവ ഭാവിയിൽ പാലിക്കേണ്ടതാണ്.

3-24 കറവ പശു വിതരണം-കരാർ കാലാവധിയിൽ തന്നെ ഉരുവിനെ വില്പന നടത്തി

പ്രോ.നം :6/13-14

ബിൽ നം:LSG 3/13-14,രൂ.360000;കാഷ്ട്:16.11.13

മേൽപറഞ്ഞ വെറ്ററിനറി സർജന്റെ പ്രോജക്ടായ കറവപശുവിതരണം(വനിത)എന്നതിൽ 30000/-രൂപ വിലയുള്ള പശുവിന് 15000/-രൂപവീതം സബ്സീഡിയായി 24 ഗുണഭോക്താക്കൾക്ക് നല്കിയിട്ടുണ്ട്. ഇതിൽ 28-1-16ന് ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ ശ്രീമതി .സിന്ധു സുനിൽ ബാബു, ചെമ്പകശ്ശേരിവീട് എന്നിവർ താൻ സബ്സീഡിയായി വാങ്ങിയ പശുവിനെ ഏകദേശം 4മാസങ്ങൾക്ക് മുമ്പ് വിറ്റു (കരാർ കാലാവധിയിൽ തന്നെ) എന്ന് അറിയിച്ചിട്ടുണ്ട്. ഉരുവിനെ മൂന്ന് വർഷത്തേക്ക് പരിപാലിച്ച് കൊള്ളാമെന്ന വെറ്ററിനറി സർജനുമായുണ്ടാക്കിയ കരാർ വ്യവസ്ഥയുടെ ലംഘനമാണിത്. ആയതിനാൽ ടിയാളിനു നല്കിയ സബ്സിഡി തുക 15,000 രൂപ തിരികെ ഈടാക്കി സർക്കാരിന്റെ സഞ്ചിത നിധിയിൽ അടക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറി നം:19/28.2.16 ന് നൽകിയ മറുപടി തൃപ്തികരമല്ല. ബാക്കിയുള്ള ഗുണഭോക്താക്കളിൽ കരാർ കാലാവധിയിൽ തന്നെ ഉരുക്കളെ കൈമാറ്റം ചെയ്തവരുണ്ടെങ്കിൽ അവരിൽ നിന്നു് സബ്സിഡി തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3-25 തൊഴിലുറപ്പ് പദ്ധതി

തൻവർഷം തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം 3833 ആണ്. തൻവർഷം എല്ലാവർക്കും തൊഴിൽ കാർഡ് ലഭിച്ചിട്ടുണ്ട്. തൻവർഷം 4048919/-രൂപ വരവും, 42340031/-രൂപ ചെലവും ഉണ്ട്. ആക്ഷൻ പ്ലാൻ പ്രകാരം 767 പ്രോജക്റ്റുകൾക്ക് അംഗീകാരം ലഭിച്ചെങ്കിലും ആകെ 150 പദ്ധതികൾ മാത്രമാണ് തൻവർഷം ചെയ്തിട്ടുള്ളത്.ഇതിൽ 20

പ്രവൃത്തികളുടെ ചെലവ് വന്നിട്ടുള്ളത് അടുത്ത സാമ്പത്തിക വർഷത്തിലാണ്. തൻവർഷം തൊഴിൽ ലഭിച്ച 686 കുടുംബങ്ങളിൽ 402 കുടുംബങ്ങൾക്ക് 100ദിവസം തൊഴിൽ ലഭിച്ചിട്ടുണ്ട്. ആക്ഷൻ പ്ലാൻ പ്രകാരം അംഗീകാരം ലഭിച്ച ആട്ടിൻ കൂട് നിർമ്മാണം, കൃഷിക്ക് നിലമൊരുക്കൽ, മത്സ്യ സംരക്ഷണം, മൺപാത്ര നിർമ്മാണം, കാലിതൊഴുത്ത് തറ നിർമ്മാണം എന്നീ പ്രവൃത്തികൾ ഒന്നും തന്നെ ചെയ്തിട്ടില്ല. സ്റ്റേറ്റ് സീഡ് ഫാമിൽ തോട് പുനരുദ്ധാരണ പ്രവൃത്തികൾ നടത്തിയപ്പോൾ സ്ഥാപനത്തിന്റെ സമ്മതപത്രം വാങ്ങി സൂക്ഷിച്ചിട്ടില്ല.മേലിൽ ഇത്തരം പ്രവൃത്തികൾ ചെയ്യുമ്പോൾ സമ്മതപത്രം വാങ്ങി സൂക്ഷിക്കേണ്ടതാണ്.

3-26 ഗ്രാമപഞ്ചായത്തുകളിൽ ഡി&ഒ ലൈസൻസ് നൽകുന്നതിലെ കാര്യക്ഷമത-അവലോകനം

1.ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ വിവരം

2013-14, 2014-15 വർഷങ്ങളിൽ അനുവദിച്ച ലൈസൻസിന്റെ വിവരം താഴെ കൊടുക്കുന്നു

പഞ്ചായത്തിലെ ഡി ആൻഡ് ഒ ലൈസൻസികളുടെ വിശദാംശങ്ങൾ								
വർഷം	ചെറുകിട വ്യാപാര സ്ഥാപനങ്ങളുടെ എണ്ണം	ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ എണ്ണം	വൻകിട വ്യവസായ ശാലകൾ	ഹോട്ടലുകൾ/ ഭക്ഷ്യ സംസ്കരണ ശാലകൾ/ കശാപ്പു ശാലകൾ / ഇറച്ചി ക്കടകൾ	ആശു പത്രികൾ, ലാബുകൾ	കഫാറികൾ പടക്ക നിർമ്മാ ണം, ക്രഷർ	മറ്റ് സ്ഥാപ നങ്ങൾ	ആകെ സ്ഥാപ നങ്ങൾ

13-14	244	-	-	28	5	-	6	283
14-15	286	-	-	35	6	-	8	335

1) 2013-14, 2014-15 കാലയളവുകളിൽ ഫീൽഡ് വെരിഫിക്കേഷൻ നടത്തുകയോ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. ഇത് മൂലം പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങളെല്ലാം തന്നെ ഡി ആൻഡ് ഒ ലൈസൻസ് എടുത്തിട്ടാണോ പ്രവർത്തിക്കുന്നത് എന്ന് വ്യക്തമല്ല. മുൻ വർഷത്തിൽ ലൈസൻസ് എടുത്തിരുന്ന സ്ഥാപനങ്ങളിൽ അടച്ചു പൂട്ടിപ്പോയ ഏതാനും സ്ഥാപനങ്ങൾ ഒഴിച്ച് മറ്റുള്ളവയെല്ലാം തൻവർഷത്തിലും ലൈസൻസ് എടുത്തിട്ടുണ്ട്.

2)ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടി എടുത്തതായി കാണുന്നില്ല. എന്നാൽ ഫീൽഡ് ഇൻസ്പെക്ഷൻ നടത്തി വൃത്തിഹീനമായ സാഹചര്യങ്ങളിൽ പ്രവർത്തിച്ചിരുന്ന ചില സ്ഥാപനങ്ങളിൽ നിന്ന് പിഴ ഈടാക്കിയിട്ടുണ്ട്.

3) നിശ്ചിത സമയപരിധിക്കുള്ളിൽ സമർപ്പിക്കാത്ത അപേക്ഷകളിൽ ലേറ്റ് ഫീ ഈടാക്കുന്നുണ്ട്. ഭൂരിഭാഗം അപേക്ഷകളും നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ സമർപ്പിച്ചിട്ടുണ്ട്.

4) അപേക്ഷകൾ സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ നൽകുന്നുണ്ട്.

2) അപേക്ഷകളുടെ പരിശോധന

വർഷം	കൃത്യമായ അപേക്ഷകൾ	അപൂർണ്ണമായവ	അന്വേഷണ റിപ്പോർട്ട് ഇല്ലാത്തവ	ഹെൽത്ത് ഇൻസ്പെക്ടറുടെ പരിശോധന ഇല്ലാത്തവ	മറ്റ് അപാകതകൾ ഉള്ളവ	ആകെ അപേക്ഷകളുടെ എണ്ണം	കുറിപ്പ്

13-14	234	41	3	അപേക്ഷകളിലൊന്നും തന്നെ സർക്കുലർ നമ്പർ 66562 പ്രകാരമുള്ള ഹെൽത്ത് ഇൻസ്പെക്ടറുടെ പരിശോധന റിപ്പോർട്ടില്ല	5	283	
14-15	256	72	7	അപേക്ഷകളിലൊന്നും തന്നെ സർക്കുലർ നമ്പർ 66562 പ്രകാരമുള്ള ഹെൽത്ത് ഇൻസ്പെക്ടറുടെ പരിശോധന റിപ്പോർട്ടില്ല		335	

അവലോകനം.

1)ലൈസൻസ് പുതുക്കുന്നതിനായി നൽകുന്ന എല്ലാ അപേക്ഷകളിലും സർക്കുലർ നം. 66562/ ആർസി3/12/ത.സ്വ.ഭ.വ. തിയതി 10-01-2013 പ്രകാരം സ്ഥല പരിശോധന നടത്തി ഹെൽത്ത് ഇൻസ്പെക്ടർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ലാത്തതിനാൽ അപേക്ഷയിൽ പറഞ്ഞിട്ടുള്ള വസ്തുക്കളുടെ വിപണനം തന്നെയാണോ സ്ഥാപനങ്ങളിൽ നടത്തുന്നത് എന്ന് ഉറപ്പാക്കാൻ സാധ്യമല്ല.

2)ചില അപേക്ഷകളിൽ ഒരു ദിവസത്തെ വിറ്റുവരവ് രേഖപ്പെയുത്തിയിട്ടില്ല (ഉദാ: അപേക്ഷ ക്രമ നം.241, 244) ഇതിനാൽ തന്നെ ലൈസൻസ് ഫീസ് ചുമത്തിയിരിക്കുന്നത് കൃത്യമാണോ എന്ന് മനസ്സിലാക്കാനാവാത്ത അവസ്ഥ ഉണ്ട്.
3) ഏതാനും അപേക്ഷകളിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ അപേക്ഷകൾ നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ സമർപ്പിച്ചിരുന്നോ എന്ന് വ്യക്തമല്ല. അപേക്ഷ ക്രമ നം. 200, 211, 212 എന്നിവയിൽ പഞ്ചായത്ത് ഉദ്യോഗസ്ഥന്റെ അന്വേഷണ റിപ്പോർട്ട് ഇല്ല.

3)രജിസ്റ്ററുകളുടെ പരിപാലനം.

വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളുടെയും കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് വ്യക്തമല്ല.

4)ഡി &ഒ ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ വിവരം

വർഷം	ഈടാക്കിയ ഡി & ഒ ലൈസൻസ് ഫീസ്	ആകെ തനത് വരുമാനം	ശതമാനം	കുടിശ്ശിക	കുറിപ്പ്

2013-14	42,550	45,80,337	0.929	4,900	
2014-15	59,500	77,88,953	0.764	6,900	

ആകെ തനത് വരുമാനത്തിന്റെ ഒരു ശതമാനത്തിൽ താഴെ മാത്രമാണ് ഡി ആൻഡ് ഒ ലൈസൻസ് ഫീസിൽ നിന്നുള്ള വരുമാനം

5)ഫീസ് ചുമത്തിയതിലെ ക്രമക്കേടുകൾ/ അപാകതകൾ

എല്ലാ അപേക്ഷകളിലും പ്രതിദിന വരുമാനം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഫീസ് ചുമത്തിയതിലെ കൃത്യത ഉറപ്പാക്കാനായില്ല.

6) അപേക്ഷകളും അനുബന്ധ രേഖകളും

അപേക്ഷകളോടൊപ്പം പൊതുവായി സമർപ്പിക്കേണ്ട രേഖകളും ചില സ്ഥാപനങ്ങൾക്ക് പ്രത്യേകമായി സമർപ്പിക്കേണ്ട രേഖകളും ഉണ്ട്. അത്തരം രേഖകൾ ഇല്ലാതെ ലൈസൻസ് അനുവദിച്ചതിന്റെ വിവരം താഴെ കൊടുക്കുന്നു.

1) സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള രേഖകൾ എല്ലാ അപേക്ഷയോടൊപ്പവും വച്ചിട്ടില്ല. അപേക്ഷകൻ സ്ഥലമുടമയല്ലാത്ത സാഹചര്യങ്ങളിൽ അപേക്ഷയോടൊപ്പം, അപേക്ഷകന് ആ സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾക്കും , ഉപയോഗത്തിനും അനുവാദം നൽകിക്കൊണ്ടുള്ള സ്ഥലമുടമയുമായുള്ള കരാറിന്റെ പകർപ്പ് എല്ലാ അപേക്ഷകളിലും ഇല്ല. ചില അപേക്ഷകളിൽ കെട്ടിടം വാടകയ്ക്കാണോ സ്വന്തമാണോ എന്ന് രേഖപ്പെടുത്തിയിട്ടില്ല. (ഉദാ: 2013-14അപേക്ഷ നം.217, 221, 240)

2) ഹെൽത്ത് ഇൻസ്പെക്ടറുടെ സാനിറ്ററി സർട്ടിഫിക്കറ്റില്ലാതെയാണ് ചില ഭക്ഷ്യശാലകൾക്ക് ലൈസൻസ് നൽകിയിട്ടുള്ളത്.

ചില ഉദാഹരണങ്ങൾ

അപേക്ഷയുടെ ക്രമ നം.	സ്ഥാപനം
20	ഡിന്നീസ് ബേക്കറി
44	മൈത്രി ബേക്കറി
108	മലബാർ ഹോട്ടൽ

3) ജി.ഒ.(ആർ.ടി)795/07 ത.സ്വ.ഭ.വ. 16-03-07 പ്രകാരം ഡി ആൻഡ് ഒ ലൈസൻസ് നൽകുമ്പോൾ സ്ഥാപനങ്ങളിൽ നിന്നും 30 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ ഉപയോഗിക്കുകയില്ലെന്ന സാക്ഷ്യപത്രം വാങ്ങേണ്ടതാണ്. എന്നാൽ പ്രസ്തുത സാക്ഷ്യപത്രം ഏതാനും ചില അപേക്ഷകർ മാത്രമേ ഹാജരാക്കിയിട്ടുള്ളൂ.
4)അപേക്ഷകളിലൊന്നും സർക്കുലർ നമ്പർ 66562/ആർ.സി3/12/ത.സ്വ.ഭ.വ. തിയതി 10-01-13 പ്രകാരമുള്ള ഹെൽത്ത് ഇൻസ്പെക്ടറുടെ പരിശോധന റിപ്പോർട്ടില്ല

7)ലൈസൻസികളിൽ നിന്നുള്ള തൊഴിൽ നികുതി

വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ട്.

8)അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ

അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ഓഡിറ്റ് വർഷത്തിൽ പിഴ ഈടാക്കിയ സംഭവങ്ങൾ ഉണ്ടായിട്ടില്ല

9)പഞ്ചായത്ത് ലൈസൻസ് നൽകിയ സ്ഥാപനം മൂലം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടം ഉണ്ടായ സന്ദർഭങ്ങൾ

ഇല്ല

10)സ്ഥാപനങ്ങൾക്കെതിരെ നടക്കുന്ന പ്രക്ഷോഭങ്ങൾ പരാതി സ്വീകരിച്ച നടപടികൾ

ഇല്ല

11)വിവിധ പരിശോധനകൾ

വ്യാപാര വ്യവസായശാലകളിൽ ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ, ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ മുതലായവർ ചേർന്ന് സംയുക്ത പരിശോധന നടത്തി വൃത്തിഹീനമായ സാഹചര്യങ്ങളിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

12)ഗ്രാമപഞ്ചായത്ത് അധികാരങ്ങൾ വിനിയോഗിക്കുന്നതിലെ കാര്യക്ഷമത

ഫീൽഡ് പരിശോധന സമയത്ത് സ്ഥാപനങ്ങളുടെ പ്രതിദിന വരുമാനം , അപേക്ഷയിൽ പറഞ്ഞിരിക്കുന്നതിലും കൂടുതലാണെന്ന് വ്യക്തമാവുന്ന സാഹചര്യങ്ങളിൽ ലൈസൻസ് ഫീസ് ആനുപാതികമായി വർധിപ്പിക്കുന്നുണ്ട്.

13)സർക്കാരിന്റെ അധികാരം വിനിയോഗിച്ച സന്ദർഭങ്ങൾ

ഇല്ല

14)മറ്റുള്ളവ

ഡി ആന്റ് ഒ ലൈസൻലസ് ഫീ കാലികമാക്കേണ്ടതാണ്

15)പൊതുവായ വിലയിരുത്തൽ

അപേക്ഷകൾ സ്വീകരിക്കുമ്പോൾ ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതും,അപേക്ഷകൾ മുഴുവനായി പൂരിപ്പിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ട

തുമാണ്. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് നിർബന്ധമായും ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ജില്ലാ പഞ്ചായത്ത്	2013-14	50000	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	44200	5800
ബ്ലോക്ക് പഞ്ചായത്ത്	2013-14	69000	,, ,,	66300	2700
ജില്ലാ പഞ്ചായത്ത്	,, ,,	500	,, ,,	500	0

ബ്ലോക്ക് പഞ്ചായത്ത്	,,	750	,, ,,	750	0
,, ,,	,, ,,	200000	ആശ്രയ	200000	0
ജില്ലാ പഞ്ചായത്ത്	,, ,,	297820	87/14- മൈത്രിറോഡ് സെക്കന്റ് മെറ്റലിങ്ങ്	297820	0
,, ,,	,, ,,	297695	88/14-വിജയൻസ്മാരകറോഡ് സെക്കന്റ്മെറ്റലിങ്ങ്	297695	0
,, ,,	,, ,,	699235	89/14- കുറുവാൻതോട്ടാപ്പാടം റോഡ് സെക്കന്റ് മെറ്റലിങ്ങ്	699235	0
,, ,,	,, ,,	430625	91/14-കയ്യാലപറമ്പ്ക്ഷേത്രം റോഡിൽകാനനിർമാണം	430625	0
,, ,,	,, ,,	430000	103/14- പല്ലകോളനിവികസനപദ്ധതി(sc)	430000	0

,, ,,	,, ,,	860000	104/14- നവീനകോളനിവികസനപദ്ധതി	860000	0
ജില്ലാ പഞ്ചായത്ത്	2013-14	324325	118/14 പൂക്കോട്അമ്പലംറോഡ് മെറ്റലിങ്	324325	0
ബ്ലോക്ക് പഞ്ചായത്ത്	,, ,,	430000	67/14-സാംസ്കാരിക നിലയം മുകൾനില നിർമാണം(sc)	430000	0
ആകെ		**4089950**		**4089950**	**8500**

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ -

ഇല്ല

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 270000/- രൂപ വരവുണ്ട്. മുൻബാക്കി 1295000/- രൂപയടക്കം 1565000/-രൂപയിൽ 1241232/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തിയ്യതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ഇ.എം.എസ് ഭവന പദ്ധതിവായ്പ	800/2010 ത.സ്വ.ഭ.വ തിയതി 9.3.2010	12412322	1541304	1241232	370532	300072

4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 18933രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും	രശീത് നമ്പർ തിയ്യതി
2008-09മുതൽ 2010-11വരെ	2-2(1)	18933	അബ്ബാസ് വലിയകത്ത്	11301103901മുതൽ 11301103905വരെ തിയതി6-3-2014

4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	68176560/-
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	71614002/-
വരവിനങ്ങളിലുള്ള നഷ്ടം	:	---
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	5463/-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	10567952/-

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(**ബി**). **<u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	

3-10(1)	-	1100/-	സഖി.എൽ., അസിസിറ്റന്റ് എഞ്ചിനീയർ.
3-10(2)		685/-	,,
3-16		3678/-	പി.ഷാഹുൽ ഹമീദ് സെക്രട്ടറി
ആകെ		5463/-	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-1	860000/-	സഖി.എൽ.,അസിസിറ്റന്റ് എഞ്ചിനീയർ.
3-2	388568/-	സഖി.എൽ.,അസിസിറ്റന്റ് എഞ്ചിനീയർ.
3-3	108194/-	സഖി.എൽ.,അസിസിറ്റന്റ് എഞ്ചിനീയർ.

3-4(1)	179560	സഖി.എൽ.,അസിസിറ്റന്റ് എഞ്ചിനീയർ.
3-5	800000/-	സഖി.എൽ.,അസിസിറ്റന്റ് എഞ്ചിനീയർ.
3-6	204590/-	സഖി.എൽ.,അസിസിറ്റന്റ് എഞ്ചിനീയർ.
3-7	575025/-	സഖി.എൽ.,അസിസിറ്റന്റ് എഞ്ചിനീയർ.
3-8	430000/-	സഖി.എൽ.,അസിസിറ്റന്റ് എഞ്ചിനീയർ.
3-11(1)	50000	സഖി.എൽ.,അസിസിറ്റന്റ് എഞ്ചിനീയർ.
3-11(2)	70000	സഖി.എൽ.,അസിസിറ്റന്റ് എഞ്ചിനീയർ.
3-12(എ)	141515/-	പി.എ.ഷാഹുൽഹമീദ്,സെക്രട്ടറി
3-12ബി	1430000/-	പി.എ.ഷാഹുൽഹമീദ്,സെക്രട്ടറി
3-17	200000/-	പി.എ.ഷാഹുൽഹമീദ്,സെക്രട്ടറി.
3-18	312500/-	ഡോ.അൻഷാദ്,വെറ്ററിനറി സർജൻ.
3-21	75000/-	ടെസ്സി.,വി.ഇ.ഒ., എടത്തിരുത്തി.
3-22	4743000	ആഡ്ലി ഉസ്മാൻ, ചെന്ത്രാപ്പിന്നി.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല.

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
സഖി.എൽ.,അസിസിറ്റന്റ് എഞ്ചിനീയർ.	അസിസിറ്റന്റ് എഞ്ചിനീയർ.	ബോധി,പെരിംകുളം, പി.ഒ.ആറ്റിങ്ങൽ.പിൻ.695101

4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	റിമാർക്സ്
1980-81	എൽഎഫ്.ടി.എസ്2-1469/11/20.10.11/1.2.12		
1981-82			
1982-83			
1983-84			
1984-85			
1985-86			
1986-87&1987-88			
1988-89,89-90&1990-91			
1991-92			
1992-93&1993-94			
1996-97	എൽ.എഫ്.ടി.11-1988/97/4.6.98		
1997-98	എൽ.എഫ്.ടി9-876/99/16-7-99		

1998-99	എൽ.എഫ്.ടി9-1517/2000		
99-2000ചെലവ്	എൽ.എഫ്.ടി9-903/01/1-7-02		
99-2000വരവ്	എൽ.എഫ്.ടി12-1210/01/11-6-02		
2000-01	എൽ.എഫ്.ടി12-1053/04/2-12-04		
2000-01,01-02 പ്ലാൻ	എൽ.എഫ്.ടി12-1746/03/4-3-04		
2001-02	എൽ.എഫ്.ടി12-1795/07/13.11.08		
2002-03	എൽ.എഫ്.ടി12-777/08/28-7-09		
2003-04	എൽ.എഫ്.ടി12-778/09/29-09-09		
2004-05	എൽ.എഫ്.ടി12-259/09/4-5-2010		
05-06	എൽ.എഫ്.ടി12-1761/09/24-9-2010		
06-07	എൽ.എഫ്.ടി12-1762/09/24-09-2010		
07-08	എൽ.എഫ്.ടി12-853/11/29-11-11		
2008-09മുതൽ2010-	എൽ.എഫ്.ടി.പി.3-1346/12/5-11-12/12-03-13		

11വരെ			
2011-12	എൽ.എഫ്.ടി.പി.3-1101/13/17-01-14/12-03-14		
2012-13	എൽ.എഫ്.ടി.പി.3-588/2014/3-9-14/9-12-14		

ഡെപ്യൂട്ടി ഡയറക്ടർ